T61
24

T61
V24

മഗ്ദലനമറിയം

അഥവാ

പശ്ചാത്താപം പ്രായശ്ചിത്തം.

ഗ്രന്ഥകൎത്താ:

വള്ളത്തോൾ.

പ്രസാധകൻ:

ചിത്രമെഴുത്ത് കെ. എം. വൎഗ്ഗീസ്.

ആറാം പതിപ്പ്; കോപ്പി ൧൦൦൦.

The Mangalodayam Press, Trichur.

൧൧൧൯.

വില ൮ ണ.

എല്ലാ പ്രതികളിലും ഗ്രന്ഥകൎത്താവിന്റെ ഒപ്പടയാളമുണ്ടായിരിക്കും.

DHARMARAM COLLEGE LIBRARY BANGALORE. 4182
CANCELLED

ഒന്നാംപതിപ്പിന്റെ

അവതാരിക.

ഇന്നത്തെ സാക്ഷാൽ കേരളകാളിദാസനായ മഹാകവി വള്ളത്തോൾ നാരായണമേനവൻ അവർകളുടെ ഈ ഖണ്ഡകൃതിയ്ക്കു് ഒരു അവതാരിക എഴുതുകയെന്നത് എന്റെ പേരിൽ ക്ഷന്തവ്യമല്ലാത്ത ഒരപരാധമായിരിയ്ക്കും, നിശ്ചയം. എന്നാൽ, ഈ വിശിഷ്ടകാവ്യത്തിന്റെ ടിപ്പണീകാരൻ, പ്രസാധകൻ എന്നീ സ്ഥാനങ്ങൾ വഹിപ്പാൻ എനിയ്ക്കു ഭാഗ്യം സിദ്ധിച്ചതിനാൽ, അവതാരികാലേഖനവും എന്റെ കൎത്തവ്യമായിത്തീൎന്നുപോയി!

ഒരു യഥാൎത്ഥകവിയ്ക്കു സ്വവ്യക്തിയ്ക്കു യാതൊരു വ്യാവൎത്തനവും കൂടാതെ ഭൂലോകത്തിലെ വിവിധചൎയ്യകളിൽപ്പെട്ട് ഏതൊരു മനുഷ്യവ്യക്തിയായും, ഏതൊരു മതസ്ഥനായും രൂപാന്തരപ്പെടുവാൻ കഴിയുമെന്നുള്ളതിന്ന് ഒരുത്തമലക്ഷ്യമായി, മേനവനവർകളുടെ മേധാപുടത്തിൽനിന്നു കേരളീയക്രിസ്ത്യൻസമുദായത്തിനു ക്രിസ്തുമതസംബന്ധമായി ലഭിച്ചിട്ടുള്ള ഗാഥാമൃതനിൎഝരിയാണ്, 'മഗ്ദലനമറിയം'. ക്രിസ്തീയലോകം മുഴുവൻ ഒരു പരിശുദ്ധയായി ഗണിച്ചിട്ടുള്ള 'മഗ്ദലനമറിയം' ശ്രീയേശുക്രിസ്തുവിന്റെ പാദാരവിന്ദങ്ങളിൽ പാപശാന്തിയ്ക്കായി അനുഷ്ഠിച്ച പശ്ചാത്താപപരമയാഗമാണ്, ഈ കൃതി.

യിലെ ഇതിവൃത്തം. കഥാവസ്തുകൊണ്ടും, രീതിസംസ്കരണംകൊണ്ടും, ശ്രീമാൻ മേനവനവർകളുടെ മററെല്ലാ ഖണ്ഡകൃതികളെക്കാളും മീതെയാണ്, പ്രസ്തുതഖണ്ഡകൃതി എന്നുകൂടി ഞാൻ വിചാരിയ്ക്കുന്നു.

ഈ കേരളത്തിലെ ശ്രേഷ്ഠഹിന്തുക്കളിൽനിന്ന് 1-ാം നൂററാണ്ടിൽ മതപരിവർത്തനം ചെയ്തവരായ കേരളീയനസ്രാണികൾക്ക് അവരുടെ പാരായണഗ്രന്ഥമായ ബൈബളിനെ ആസ്പദിച്ച് ഈ ഇരുപതാംനൂററാണ്ടിൽക്കൂടിയും പറയത്തക്ക യാതൊരു പദ്യകൃതിയും ലഭിച്ചിട്ടില്ലെന്നുള്ളത് ഏററവും വ്യസനഹേതുവായിരിയ്ക്കുന്നു. ഈ ദുസ്ഥിതിയിൽനിന്നു നസ്രാണിസമുദായത്തെ ഉദ്ധരിപ്പാൻ ചില ക്രിസ്ത്യൻകവികൾ ശ്രമിച്ചിട്ടുണ്ടെങ്കിലും, അവയൊന്നുംതന്നെ ഇതുപര്യന്തം ഫലവത്തായി പരിണമിച്ചിട്ടില്ലെന്നു സലജ്ജം സമ്മതിയ്ക്കേണ്ടിയിരിയ്ക്കുന്നു.

ഒരു ജനസമുദായത്തിൻെറ പുരോഗതിയിൽ സാഹിത്യഗ്രന്ഥങ്ങൾക്കും, വിശേഷിച്ച് പദ്യഗ്രന്ഥങ്ങൾക്കും, ഗണനീയമായ ഒരു സ്ഥാനമുണ്ട്. രാഷ്ട്രീയമായും സാമുദായികമായും സിദ്ധിയ്ക്കേണ്ട സർവ്വവിധസ്വാതന്ത്ര്യോൽകർഷത്തിന്നുമായി അക്ഷീണയത്നം ചെയ്വാൻ, മനുഷ്യഹൃദയത്തിൻെറ അന്തർഭാഗത്തു നിശ്ശബ്ദമായി പററിക്കൂടി മനുഷ്യവർഗ്ഗത്തെ അനവരതം പ്രേരിപ്പിയ്ക്കുന്ന ശക്തി അതൊന്നുമാത്രമാണ്. സാന്മാർഗ്ഗികമായും ആദ്ധ്യാത്മികമായും മനുഷ്യസമുദായത്തിന്മേൽ അതിന് ഒരു വമ്പിച്ച

അധികാരമുണ്ട്. സംസാരബന്ധത്തിൽനിന്നും നിന്ദ്യതരമായ ജീവിതചര്യയിൽനിന്നും സ്വയം വിമുക്തി ലഭിയ്ക്കുന്നതിന്നു മനുഷ്യലോകത്തെ പ്രേരിപ്പിയ്ക്കുന്നതായ അന്തഃകരണവ്യാപാരങ്ങളുടെ ഉള്ളിലൂടെ ഒരു വൈദ്യുതതന്ത്രിയ്ക്കൊപ്പം അതു സ്വശക്തിയെ സദാ പ്രസരിപ്പിച്ചുകൊണ്ടിരിയ്ക്കുന്നു.

ഇതിനെപ്പററി ഗാഢവിചിന്തനം ചെയ്യുന്നതായാൽ, കേരളഭാഷാസാഹിത്യത്തിൻെറ ഗതിയ്ക്കും വളർച്ചയ്ക്കും അനുരൂപമായി ക്രിസ്തുമതാദർശങ്ങൾക്കു പ്രചുരപ്രചാരം സിദ്ധിയ്ക്കുന്നില്ലെങ്കിൽ, അതു മലയാളപദ്യസാഹിത്യലോകത്തിൽ ക്രിസ്തുമതത്തിന്ന് ഇന്നേവരെയ്ക്കും പറയത്തക്ക യാതൊരു സ്ഥാനവും സിദ്ധിച്ചിട്ടില്ലെന്നുള്ളതുകൊണ്ടുമാത്രമാണ്. ഈ സംഗതി ഇയ്യിടയ്ക്കെങ്കിലും, സാഹിത്യഭീരുക്കളായ ചില ക്രൈസ്തവമിഷണറിമാരുടെ തലമണ്ടയിൽ കടന്നുകൂടിയിട്ടുള്ളത് ഒരു വലിയ ഭാഗ്യംതന്നെ!

യേശുക്രിസ്തുവിൻെറ ജീവിതചരിത്രത്തേയോ, അഥവാ ബൈബളിലെ ഇതിവൃത്തങ്ങളേയോ വിഷയീകരിച്ച് ഏതാനും പദ്യകൃതികൾ ഉണ്ടായാൽ കൊള്ളാമെന്നു ഞാൻ ആഗ്രഹിച്ചുതുടങ്ങീട്ടു കാലമേറെയായി. ഈ സംഗതി എൻെറ ഒരു മാന്യമിത്രവും, ഒരു പ്രസിദ്ധഗദ്യകാരനും 'ആത്മപോഷിണി'മാനേജരുമായ ദിവ്യശ്രീ പുലിക്കോട്ടിൽ യൌസേഫ് ശെമ്മാച്ചനവർകളോടും, 'സത്യനാദ'പത്രാധിപർ എറണാകുളം മിസ്റ്റർ കെ. പി.

പീററരവർകളോടും മററു പല മാന്യസ്നേഹിതന്മാരോടും ഞാൻ പലപ്പോഴും പറഞ്ഞിട്ടുള്ളതാണ്. സഹൃദയശിരോമണിയും ജാത്യഭിമാനിയുമായ യൌസേഫ് ശെമ്മാച്ചനവർകളുടേയും മററു പല ക്രിസ്ത്യൻസുഹൃത്തുക്കളുടേയും നിർബ്ബന്ധപൂർവ്വമായ അപേക്ഷ ഒന്നുകൊണ്ടുമാത്രമാണ്, ശ്രീമാൻ നാരായണമേനവനവർകളിൽനിന്ന്, ഈ വിശിഷ്ടകൃതി നസ്രാണിസമുദായത്തിനു ലഭിപ്പാൻ ഭാഗ്യമുണ്ടായത്. മഹാമനസ്കനും ഭക്തകവിയുമായ മേനവനവർകൾ സ്വഭാഷാസാഹിത്യോൽക്കർഷത്തോടൊപ്പം തന്നെ ക്രിസ്തുമതസാഹിത്യാഭ്യുദയത്തേയും ഉദ്ദേശിച്ച് ഈ ഉൽകൃഷ്ടകൃതിയെ നസ്രാണിസമുദായത്തിനു ദാനം ചെയ്വാൻ സന്നദ്ധനായതിൽ കൃതജ്ഞതാധനന്മാരായ നസ്രാണികൾ മേനവനവർകളോട് എല്ലാകാലത്തും കൃതജ്ഞന്മാരായിരിക്കുമെന്നുള്ളതിന്നു യാതൊരു സംശയവുമില്ല.

ബൈബളിലെ ഇതിവൃത്തങ്ങളെ വിഷയീകരിച്ചു ചില നസ്രാണിയുവകവികൾ ഈയിടയ്ക്കു ചില കവിതകൾ രചിച്ചിട്ടുണ്ടെങ്കിലും, അതുകളിൽ സാഹിത്യരസം കണികാണ്മാൻകൂടിയില്ലാത്തതിനാൽ, അവയെ ആരും തന്നെ കൊണ്ടാടാറില്ല. എന്നാൽ പ്രസ്തുതകൃതിയാകട്ടെ, ക്രിസ്തുമതതത്വങ്ങൾക്കും തദനുരൂപങ്ങളായ ആശയങ്ങൾക്കും, മൂലകഥയിലെ വിവക്ഷിതാൎത്ഥത്തിനും ലേശവും ഹാനി സംഭവിക്കാതെ, നിർമ്മിക്കപ്പെട്ടിരിക്കുന്ന ക-

ന്നായതിനാൽ, പദ്യസാഹിത്യവിഷയത്തിൽ ശ്രമിക്കുന്ന നസ്രാണിയുവകവികൾക്ക് ഒരു മാർഗ്ഗോപദേഷ്ടാവായി പരിണമിച്ചിട്ടുണ്ട്.

ആകപ്പാടെ നോക്കുന്നതായാൽ, മിസ്റ്റർ നാരായണമേനവൻ ഒരു പുതിയതരം മിഷണറിവേലയത്രേ ക്രിസ്ത്യൻസമുദായത്തിന്നു ചൂണ്ടിക്കാണിച്ചുകൊടുത്തിരിക്കുന്നത്. ഈ മാർഗ്ഗത്തെ ക്രിസ്ത്യൻസമുദായം അവജ്ഞയോടുകൂടി നോക്കിക്കാണുന്ന കാലത്തോളം, ഉൽക്കർഷോന്മുഖമായ ഹിന്ദുസാഹിത്യമണ്ഡലത്തിൽ സ്വച്ഛന്ദം സഞ്ചരിപ്പാൻ ക്രിസ്തുമതത്തിന്നു യാതൊരുപ്രകാരത്തിലും സാധിക്കുന്നതല്ലെന്നുള്ളതു നിശ്ചയമാണ്.

കാരണമാനുഷനായ യേശുക്രിസ്തുവിൻെറ ദയാശീതളമായ പരിശുദ്ധഹൃദയത്തെ അതിഭംഗിയായി പ്രകാശിപ്പിച്ചിരിക്കുന്ന പ്രസ്തുതഖണ്ഡകൃതിയെ കേരളീയക്രിസ്ത്യൻസമുദായം സ്വാഗതപൂർവ്വം സ്വീകരിക്കുമെന്നും, ഒരു സ്വന്തം പുത്രനാൽ വിരചിതമായ ഒരു ശ്രേഷ്ഠപദ്യസാഹിത്യകൃതി കണ്ടു കണ്ണുനീർ തുടപ്പാൻ ഭാഗ്യമില്ലാത്ത നസ്രാണിവർഗ്ഗമാതാവിൻെറ കദനഭാരത്തെ ശമിപ്പിപ്പാൻ തക്കവണ്ണം ഈ കൃതി ക്രിസ്ത്യൻസമുദായത്തിൽ ഒരുണർച്ചയെ ഉണ്ടാക്കുമെന്നും എനിക്കു ദൃഢവിശ്വാസമുണ്ട്.

മലയാളിടാഗോർ എന്നു സുപ്രസിദ്ധനായ മിസ്റ്റർ മേനവൻെറ ഈ മധുരഗംഭീരമായ പദ്യകൃതിക്കു ഞാൻ എഴുതിച്ചേർത്തിട്ടുള്ള ടിപ്പണി ഒട്ടും പര്യാപ്തമല്ലെന്ന്

എനിയ്ക്കറിയാം. എന്നാൽ യാതൊരത്ഥവിവരണവും കൂടാതെ പുറത്താക്കിയാൽ, ഇതിൻെറ വൈശിഷ്ട്യം എൻെറ സഹോദരജനങ്ങളിൽ മിക്കപേക്കും തീരെ അജ്ഞാതമായിത്തന്നെ ഇരിയ്ക്കുമെന്ന ഭയമാണ് എന്നെ ഇതിൽ പ്രേരിപ്പിച്ചത്. എൻെറ കുറിപ്പു വായനക്കാരിൽ ചിലക്കെങ്കിലും ഉപകരിച്ചാൽ ഞാൻ കൃതാത്ഥനായി.

ഭക്തിസംവദ്ധകവും സദാചാരപ്രദശകവുമായ ഈ നവ്യകാവ്യം എൻെറ സഹോദരർ നിത്യപാരായണം ചെയ്തു വിശുദ്ധിയെ സമ്പാദിയ്ക്കുമാറാകട്ടെ എന്നു ഞാൻ ഹൃദയപൂവ്വം ആശംസിയ്ക്കുന്നു.

മാവേലിക്കര, [illegible]
'ൻ്റ്റ മിഥുനം ൭.

ചിത്രമെഴുത്ത്
കെ. എം. വഗ്ഗീസ്സ്.

1942

ലൂക്കോസ്.

(൭-ാം അദ്ധ്യായം. ൩൬ മുതൽ ൫൦ വരെ വാക്യങ്ങൾ)

'പരീശന്മാരിൽ ഒരുത്തൻ തന്നോടുകൂടെ ഭക്ഷണം കഴിപ്പാൻ അവനെ ക്ഷണിച്ചു. അവൻ പരീശൻെറ വീട്ടിൽ ചെന്നു ഭക്ഷണത്തിന്നിരുന്നു. ആ പട്ടണത്തിൽ പാപിയായ ഒരു സ്ത്രീ, അവൻ പരീശൻെറ വീട്ടിൽ ഭക്ഷണത്തിന്നിരിയ്ക്കുന്നത് അറിഞ്ഞ്, ഒരു വെൺകൽഭരണി പരിമളതൈലം കൊണ്ടുവന്നു പുറകിൽ അവൻെറ കാല്ക്കൽ കരഞ്ഞുകൊണ്ടുനിന്നു കണ്ണുനീർകൊണ്ട് അവൻെറ കാൽ നനച്ചുതുടങ്ങി; തലമുടികൊണ്ടു തുടച്ചു കാൽ ചുംബിച്ചു തൈലംപൂശി. അവനെ ക്ഷണിച്ച പരീശൻ അതു കണ്ടിട്ട്, ഇവൻ വാചകൻ ആയിരുന്നു എങ്കിൽ, തന്നെ തൊടുന്ന സ്ത്രീ ആരെന്നും എങ്ങിനെയുള്ളവൾ എന്നും അറിയുമായിരുന്നു. അവൾ പാപിയല്ലോ എന്ന് ഉള്ളിൽ പറഞ്ഞു. ശീമോനേ, നിന്നോട് ഒന്നു പറവാനുണ്ട് എന്നു യേശു പറഞ്ഞതിന്: ഗുരോ, പറഞ്ഞാലും എന്ന് അവൻ പറഞ്ഞു. കടം കൊടുക്കുന്ന ഒരുത്തന്നു രണ്ടു കടക്കാർ ഉണ്ടായിരുന്നു; ഒരുത്തൻ അഞ്ഞൂറു വെള്ളിക്കാശും മററവൻ അമ്പതു വെള്ളിക്കാശും കൊടുപ്പാനുണ്ടായിരുന്നു. വീട്ടുവാൻ അവൎക്കു വക ഇല്ലായ്കയാൽ അവൻ ഇരുവൎക്കും ഇളച്ചുകൊടുത്തു. എന്നാൽ അവരിൽ ആർ അവനെ അധികം സ്നേഹിയ്ക്കും? അധികം ഇളച്ചു കിട്ടിയവൻ,

എന്നു ഞാൻ ഊഹിക്കുന്നു, എന്നു ശീമോൻ പറഞ്ഞു. അവൻ അവനോടു: നീ വിധിച്ചതു ശരി എന്നു പറഞ്ഞു. സ്ത്രീയുടെ നേരെ തിരിഞ്ഞു ശീമോനോടു പറഞ്ഞത്: ഈ സ്ത്രീയെ കാണുന്നുവോ? ഞാൻ നിന്റെ വീട്ടിൽ വന്നു, നീ എന്റെ കാലിന്നു വെള്ളം തന്നില്ല; ഇവളോ കണ്ണുനീർകൊണ്ട് എന്റെ കാൽ നനച്ചു തലമുടികൊണ്ടു തുടച്ചു. നീ എനിക്കു ചുംബനം തന്നില്ല; ഇവളോ ഞാൻ അകത്തു വന്നതുമുതൽ ഇടവിടാതെ എന്റെ കാൽ ചുംബിച്ചു. നീ എന്റെ തലയിൽ തൈലം പൂശിയില്ല; ഇവളോ, പരിമളതൈലംകൊണ്ട് എന്റെ കാൽ പൂശി. ആകയാൽ ഇവളുടെ അനേകമായ പാപങ്ങൾ മോചിച്ചിരിക്കുന്നു എന്നു ഞാൻ നിന്നോടു പറയുന്നു. അവൾ വളരെ സ്നേഹിച്ചുവല്ലോ, അല്പം മോചിച്ചുകിട്ടിയവൻ അല്പം സ്നേഹിക്കുന്നു. പിന്നെ അവൻ അവളോടു നിന്റെ പാപങ്ങൾ മോചിച്ചുതന്നിരിക്കുന്നു എന്നു പറഞ്ഞു. അവനോടുകൂടെ പന്തിയിൽ ഇരുന്നവർ: പാപമോചനവും കൊടുക്കുന്ന ഇവൻ ആർ എന്നു തമ്മിൽ പറഞ്ഞുതുടങ്ങി. അവൻ സ്ത്രീയോടു നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു; സമാധാനത്തോടെ പോക എന്നു പറഞ്ഞു.

ഇതാണ്, ഈ ഖണ്ഡകൃതിയിലെ പ്രമേയം.

മഗ്ദലനമറിയം

അഥവാ

പശ്ചാത്താപം പ്രായശ്ചിത്തം.

(മാകന്ദമഞ്ജരി)

I

൧. വാർതിങ്കൾത്താലമെടുത്ത വസന്തരാ-
വേതോ വെൺചാറൊന്നു പൂശിയ്ക്കയാൽ,
ശ്രീല'ഗലേല'ജില്ലയ്ക്കൊരു തൂമുത്തു-
മാലയായ് മിന്നീ 'നെയിൻ'പട്ടണം.

---

൧. വാർതിങ്കൾത്താലം=ചന്ദ്രബിംബമാകുന്ന താമ്പാളം. വസന്തരാവ് =വസന്തകാലത്തിലെ രാത്രി. ശ്രീല=സമ്പൽസമൃദ്ധമായ. ഗലേലജില്ല=പലസ്തീൻരാജ്യത്തെ ഗലേലപ്രദേശം. നെയിൻപട്ടണം= ഗലേലപ്രദേശത്തിന്റെ തെക്കുഭാഗത്തുള്ള ഒരു ചെറിയ പട്ടണം. വസന്തകാലത്തിലെ നിലാവുള്ള ഒരു രാത്രിയിൽ മനോഹരമായി വിളങ്ങുന്ന നെയിൻപട്ടണത്തിൽ കഥ നടക്കുന്നതായി വിവക്ഷ. (ഇതിലെ ഇതിവൃത്തം ബൈബിൾ ലൂക്കോസ്സ ൭-ാം അദ്ധ്യായം ൩൬ മുതൽ ൫൦ വരെയുള്ള വാക്യങ്ങളിൽ പ്രസ്താവിച്ചിട്ടുള്ളതാണ്.)

൨. ശീമോൻെറ പൂമേടതന്നിലെ നേത്രാഭി-
രാമവിശാലമാം ശാലയിങ്കൽ,
എണ്ണപ്പെട്ടുള്ള സുഗന്ധം പരത്തുന്നോ-
രെണ്ണ പകന്നു കൊളുത്തിച്ചെമ്മേ
തൂവെള്ളിച്ചങ്ങലത്തുമ്പത്തതാതിടം
തൂക്കിയ ദീപത്തിൻ ദീപ്തിപൂരം
ദൂരിതമാകുമാറങ്ങണഞ്ഞിതൊരു
പൂരുഷരൂപമാം തേജഃപുഞ്ജം.

൩. അല്ലേ ഗൃഹസ്ഥ, നീ ധന്യനായ്: ലോകത്തി-
ലില്ലിതിൻമീതേ വിരുന്നുകാരൻ;
അല്ലാ, പ്രമാദം: ഭവാൻെറ കാൽമുട്ടുകൾ
തെല്ലും മടങ്ങാതെ നില്പതെന്തേ?

---

൨. നേത്രാഭിരാമം=കണ്ണുകൾക്ക് ഇമ്പം കൊടുക്കുന്നത്. ദൂരിതം=അകന്നത്. കുബേരനായ ശീമോൻെറ മണിമാളികയിൽ അയാളുടെ ധനശക്തി വെളിപ്പെടുമാറു വെള്ളിച്ചങ്ങലകളിൽ തൂങ്ങുന്ന മണിവിളക്കുകളുടെ ദീപ്തിപൂരത്തെ (പ്രകാശധോരണിയെ) ജയിക്കുന്നതായ പൂരുഷരൂപമാം തേജഃപുഞ്ജം (പുരുഷാകാരമായ പ്രകാശഗോളം) ഒരു വിശിഷ്ടപുരുഷൻ, അവിടെ എത്തി: വിളക്കുകൾ ഭൌമമായ തേജസ്സാണ്; ഈ വന്ന തേജസ്സോ, ദിവ്യം!

൩. ധന്യൻ=പുണ്യവാൻ. പ്രമാദം=അബദ്ധം. അഖിലവന്ദ്യനായ അതിഥിയുടെ മുമ്പിൽ യഹൂദസമുദായത്തിലെ ആചാരമനുസരിച്ചു മുട്ടുകുത്തി ആദരിപ്പാൻ കഴിയാതെപോയ ശീമോൻെറ ദുരഭിമാനത്തെയാണ് കവി ഇവിടെ സൂചിപ്പിക്കുന്നത്.

൪. സർവ്വസമ്പത്തും ജഗത്തിൽ വിതയ്ക്കുന്ന
ദിവ്യമാം തൃക്കരം ചുംബിപ്പാനും,
ഏഴെട്ടു കാശിൻെറയുന്മദത്തള്ളലേ,
പാഴ്ററ നിൻതല താഴില്ലെന്നോ!

൫. നൽപ്പനിനീരാൽക്കഴുകിയ്ക്കു വേണ്ടുന്ന
തൃപ്പദത്തിന്നു വെറുംതണ്ണീരും
ലഭ്യമായീല തൽഗേഹത്തി;-ലല്ലെങ്കി-
ലിപ്പദംതാനൊരു പുണ്യതീൎത്ഥം.

---

൪. ജഗത്ത്=ലോകം. ഉന്മദം=അഹങ്കാരം. പാഴ്ററ=കഥയില്ലാത്ത. ഗുരുക്കന്മാരുടെ കൈ മുത്തുന്ന യഹൂദജാത്യാചാരമനുസരിച്ച് അതിഥിയുടെ കൈ മുത്തുവാൻ ശീമോൻെറ അഹങ്കാരത്തള്ളൽ സമ്മതിച്ചില്ലെന്നു ഭാവം. ഇവിടെ അതിഥിയുടെ കൈ ഭൂലോകത്തെ സമ്പൽസമൃദ്ധമാക്കാൻ ശക്തിയുള്ളത്; ശീമോൻെറ കഥയില്ലാത്ത അഹങ്കാരത്തള്ളലോ, ഏഴെട്ടു കാശിൻേറതുമാത്രം! (അതിഥിയുടെ ശക്തി വിചാരിച്ചാൽ ശീമോൻെറ ധനശക്തി എത്രയോ നിസ്സാരം.) ഈ വാസ്തവം മനസ്സിലാക്കാൻ തല താഴുകയില്ലെന്നോ എന്നു കവി ആശ്ചൎയ്യപ്പെടുന്നു. ഐഹികമായ ധനസമ്പത്തിയുടെ നിസ്സാരത ഇവിടെ സ്പഷ്ടമായിരിയ്ക്കുന്നു.

൫. തണ്ണീർ=വെള്ളം. തൽഗേഹം=ശീമോൻെറ ഭവനം. പുണ്യതീൎത്ഥം=പുണ്യജലം. അതിഥികളെ ഗൃഹദ്വാരത്തിൽവെച്ചു കാൽ കഴുകിച്ച് അകത്തേയ്ക്കു പ്രവേശിപ്പിയ്ക്കുക എന്നതു യഹൂദന്മാരുടെ ആചാരമാണ്. ഈ ആതിഥ്യമൎയ്യാദയെ ശീമോൻ വിസ്മരിച്ചെങ്കിലും, ആ അതിഥിയുടെ കാലുതന്നെ ഒരു പുണ്യതീൎത്ഥമാണെന്നു കവി സമാ

൩. തെയ്യാറായ്യണെന്നൊരുക്തിയാൽ സ്വാഗതം
ചെയ്യാനേ ശീമോൻ മുതിൎന്നുള്ളു!

൪. ആ യഹൂദപ്രഭുതന്നാൽ നിമന്ത്രിത-
നായെഴുന്നെള്ളിയ യേശുദേവൻ,
പാപ്പാസ്സാം പല്ലവത്തൊത്തോടു വേർപെട്ട
പാടേ തെളിഞ്ഞ തൃക്കാൽപ്പൊൻപൂവാൽ
മന്ദം നടന്നു നൃപോചിതാഡംബര-
സുന്ദരമായ തളത്തിലെത്തി,
ചിത്രവൎണ്ണോജ്ജ്വലപ്പട്ടുവിരിപ്പിൽത്തൻ-
മിത്രങ്ങളൊത്തമീത്തിന്നിരുന്നാൻ:
ചമ്പകകങ്കേളികുന്ദാദിപുഷ്പങ്ങ-
ളെമ്പാടും ചിന്നിയ വന്യഭൂവിൽ,
അമ്പാടിതന്നിലെച്ചങ്ങാതിമാരൊന്നി-
ച്ചൻപാളും ഗോവിന്ദനെന്നപോലെ.

ധാനിക്കുന്നു. ശുദ്ധിക്കാണല്ലോ, കാൽ കഴുകിക്കുന്നത്; ആ കാൽതന്നെ സർവ്വശുദ്ധികരമാണ്.

൩. ഉക്തി=മൊഴി. ജാത്യാചാരം അനുസരിച്ചു യാതൊരു സ്വീകരണമര്യാദയും പ്രദർശിപ്പിക്കാതെ ഊൺ തയ്യാറായെന്നുമാത്രം പറവാൻ മുതിൎന്ന ശീമോന്റെ ഔദ്ധത്യത്തെ കവി ഇവിടെ സുസ്പഷ്ടമാക്കിയിരിക്കുന്നു.

൪. നിമന്ത്രിതൻ=ക്ഷണിക്കപ്പെട്ടവൻ. പാപ്പാസ്സം...പൂവ് ചെരിപ്പുകളാകുന്ന ഇളംതളിരുകളിൽനിന്നു വേർപെട്ടു (ചെരിപ്പ

വ്യ. കാൽകൾ പിമ്പോട്ടു മടക്കിത്തൃപ്പൊൻചുമൽ
താഴ്ക്കെയിടംകൈ വിരിപ്പിലൂന്നി,
തെല്ലിടത്തോട്ടു ചാഞ്ഞുണ്മാനിരിപ്പായീ
സല്ലീലനീശ്വരൻ നിത്യതൃപ്തൻ.

ൻ. വീട്ടുടമസ്ഥന്റെ സമ്പത്സമൃദ്ധിയെ-
ക്കാട്ടും വിലപ്പെട്ട പാത്രങ്ങളിൽ

വെച്ചു) നില്ക്കുന്ന പൊൻനിറമുള്ള കാലുകളാകുന്ന പൂക്കൾ. (യഹൂദന്മാർ ഗൃഹത്തിൽ പ്രവേശിച്ചാലുടൻ ചെരിപ്പുകൾ ഊരി വാതില്ക്കൽ സൂക്ഷിക്കുകയാണ് പതിവ്.) നൃപോ.....ന്ദരം=രാജയോഗ്യമായ ആഡംബരത്താൽ മനോഹരം. ചിത്ര.....പ്പിൽ=വിചിത്രവർണ്ണങ്ങളാൽ പ്രകാശിക്കുന്ന രത്നകംബളത്തിൽ. അമീത്ത്=ഭക്ഷണം. ചമ്പ.....വിൽ=ചമ്പകം, അശോകം, മുല്ല മുതലായവയുടെ പുഷ്പങ്ങൾ എല്ലാടവും ചിന്നിക്കിടക്കുന്ന വൃന്ദാവനത്തിൽ. അമ്പാടി—കൃഷ്ണന്റെ ബാല്യവാസസ്ഥലം. ഗോവിന്ദൻ, (ശ്രീകൃഷ്ണൻ) വൃന്ദാവനത്തിൽവെച്ചു ഗോപാലന്മാരുമായി വനഭോജനം ചെയ്കയുണ്ടായിട്ടുണ്ട്.

വ്യ. തൃപ്പൊൻ.....ഊന്നി—വിരിപ്പിലോ പീഠത്തിന്മേലോ ഇരുന്നു കാലുകൾ പിൻവശത്തേയ്ക്കു മടക്കി നീട്ടിവെച്ചാണ്, യഹൂദർ ഭക്ഷണം കഴിക്കുക; പാരസീകന്മാരിൽനിന്നത്രേ യഹൂദന്മാർ ഈ ആചാരത്തെ സ്വീകരിച്ചത്. സല്ലീല.....തൃപ്തൻ=ലീലയോടുകൂടിയവനും എല്ലാക്കാലത്തും തൃപ്തനുമായ ഈശ്വരൻ. മനുഷ്യധർമ്മം അനുസരിച്ച് ഉണ്മാനിരിപ്പായത് അവിടത്തെ ഒരു അവതാരലീലയാണെന്നും, സൃഷ്ടവസ്തുക്കളെക്കൊണ്ടു തൃപ്തിപ്പെടുവാൻ ആവശ്യമില്ലാത്തവണ്ണം അവിടുന്നു നിത്യതൃപ്തനാണെന്നും സാരം.

ൻ. ഭോജ്യങ്ങൾ=ഭക്ഷണസാധനങ്ങൾ. ഗലീലയിലെ കാനാ എ

സ്വാദുക്കളാകിയ ഭോജ്യങ്ങളോരോന്നായ്-
സ്സാധുക്കൾ പാചകന്മാർ വിളമ്പീ,
പച്ചവെള്ളത്തിനെ മുന്തിരിച്ചാറാക്കി-
വെച്ച ഭഗവാൻ ഭക്ഷിപ്പാനായ്.

൨൦. യാതൊരു പർവ്വതത്തിങ്കലോ, ഭക്ഷണം
യാതൊന്നുമില്ലാതെ നാല്പതുനാൾ,
ധ്യാനംകൊണ്ടാത്മാവെയാത്മാവിൽക്കണ്ടുകൊ-
ണ്ടാനന്ദലീനനായ്ക്കന്യാപുത്രൻ
വൻതപംചെയ്തു: ഹിമാലയസാനുവി-
ലന്തകസൂദനസ്വാമിപോലേ;

ന്ന ഗ്രാമത്തിൽവെച്ച ചിലരുടെ അപേക്ഷപ്രകാരം ക്രിസ്തു വെള്ളം വീഞ്ഞാക്കിയത് ഇവിടെ സൂചിപ്പിയ്ക്കുന്നു. സർവ്വത്തെയും അത്യാസ്വാദ്യമാക്കി സൃഷ്ടിപ്പാൻ ശക്തനായ ജഗദീശ്വരനെ ഭക്ഷണം കഴിപ്പിപ്പാൻ സാധു പാചകന്മാർ കിടന്നു ബുദ്ധിമുട്ടുന്നു!

൨൦. ആനന്ദലീനൻ=ആനന്ദത്തിൽ ലയിച്ചവൻ. കന്യാപുത്രൻ=കന്യകയുടെ പുത്രൻ. (ക്രിസ്തുവിന്റെ മനുഷ്യാവതാരം പിതൃസംബന്ധം കൂടാതെയാണെന്നു വേദാഗമം) ഹിമാ......നുവിൽ=ഹിമാലയപർവ്വതത്തിന്റെ താഴ്‌വരയിൽ. അന്തകസൂദനസ്വാമി=പരമശിവൻ. താബോർമല—നെയിൻപട്ടണത്തിനു വടക്കു കിടക്കുന്ന ഒരു ചെറിയ പർവ്വതമാണിത്. തേൻ......കുഞ്ജം=പൂന്തേൻ ഇററിററുവീണു തണുത്ത വള്ളിക്കുടിൽ. (യേശുക്രിസ്തു താബോർമലയിൽ പലപ്പോഴും ധ്യാനത്തിനായും പോയ്ക്കൊണ്ടിരുന്നു) യേശുക്രിസ്തുവിനെ വാഴ്ത്തുന്ന ഗീതങ്ങളാ

അ'ത്താമ്പോർ'മാമല, ശിഷ്യരോടൊത്തിരു-
ന്നത്താഴമുണ്ണുന്ന ക്രിസ്തുവിന്റെ
തേൻകുളിർവല്ലീനികുഞ്ജത്തിൽനിന്നോലും
പൂങ്കുയിൽക്കുളകലാൽ വാഴ്ത്തിപ്പാടി.

൧൧. താളംപിടിച്ചു തല കുണുക്കിക്കൊണ്ടു
താഴ്‌വര ചൂഴും തരുക്കളെല്ലാം,
ചിന്നും നിലാവിനാൽ വെള്ളിയലുക്കിട്ടു
തെന്നലുലയ്ക്കുന്ന പത്രങ്ങളാൽ.

൧൨. പൂവണിച്ചെപ്പുകൾതോറുമേ വാസന്ത-
ദേവത സൂക്ഷിച്ച തുമരന്ദം
താൻതാൻ കുളിക്കെത്തളിച്ചോരദൃശ്യമാം
താലവൃന്തത്തെക്കരത്തിലേന്തി,

ണോ എന്നു തോന്നുമാറു പ്രസ്തുതപച്ചത്തിൽനിന്നു കുയിൽനാദം പുറപ്പെട്ടിരുന്നു.

൧൧. താഴ്‌വര.....ക്കൾ=താഴ്‌വരയെ ചുഴന്നുനില്ക്കുന്ന വൃക്ഷങ്ങൾ. തെന്നൽ=ഇളംകാററ്. പത്രങ്ങൾ (ഇലകൾ) ഇളകുന്നതു കണ്ടാൽ കുയിൽപ്പാട്ടിനൊത്തു താളം പിടിയ്ക്കുകയാണെന്നു തോന്നും.

൧൨. പൂവണിച്ചെപ്പുകൾ=പൂനിരകളാകുന്ന ചെപ്പുകൾ. വാസന്തദേവത=വസന്തകാലത്തിന്റെ ദേവത. തുമരന്ദം=പൂന്തേൻ. താൻതാൻ=താൻതന്നെ. താലവൃന്തം=വിശറി. പ്രാശനവേള=ഭക്ഷണസമയം. പത്തു മുതൽ പന്ത്രണ്ടുവരെയുള്ള വാക്യങ്ങൾകൊണ്ടു ഭക്ഷണവേ

യേശുമഹേശന്റെ പ്രാശനവേളയിൽ
വീശിനാൻ മാരുതൻ മന്ദമന്ദം.

൧൩. തത്രഭവാന്റെ തഴച്ച കാർകൂന്തലും
വക്ത്രപ്പൊയ്ത്താരിലെ വണ്ടിൻചാർത്തും
തെല്ലൊന്നുലഞ്ഞു വിളങ്ങി: കാളിന്ദിയിൽ
മെല്ലെത്തുളുമ്പുന്നൊരോളം പോലെ.

ളയിൽ പ്രകൃതികൂടി ക്രിസ്തുവിനെ ശുശ്രൂഷിച്ചാരാധിച്ചതായി വർണ്ണിച്ചിരിക്കുന്നു.

൧൩. തത്രഭവാൻ=യേശുക്രിസ്തു. കാർകൂന്തൽ=തലമുടി (ക്രിസ്തു നസ്രായവ്രതം അനുഷ്ഠിച്ചിരുന്നതിനാൽ ശരീരത്തിൽ ക്ഷൌരക്കത്തി തൊടുവിച്ചിരുന്നില്ല) വക്ത്ര......ചാർത്തും=മുഖമാകുന്ന താമരപ്പൂവിൽ ചേർന്ന വരിവണ്ടുകൾ. മീശ എന്നു സാരം. കാളിന്ദി=കാളിന്ദീനദി; ഇതിന്റെ നിറം കറുപ്പാണ്.

II

൧൪. താഴത്തെയ്ക്കെന്തിത്ര സൂക്ഷിച്ചുനോക്കുന്നു
താരകളേ, നിങ്ങൾ നിശ്ചലമായ്?
നിങ്ങൾതൻ കൂട്ടത്തിൽനിന്നിപ്പൊഴാരാനും
ഭംഗമാന്നൂഴിയിൽ വീണുപോയോ?

൧൫. ഉർവ്വി,താ, നക്ഷത്രംതന്നെയാം രൂപമൊ-
ന്നുർവ്വിയിലിപ്പുരവീഥിയിങ്കൽ;
അല്ലെങ്കിൽ, മററൊരു കൊച്ചുനിലാവിതാ,
മുല്ലപ്പൂപോലുള്ള തൂനിലാവിൽ!

൧൬. ആരോ മനോഹരസർവ്വാംഗിയാമിവ-
ളാ,രോമലാൾക്കിത്ര വെമ്പലെന്തോ?
നീളെയുത്തുംഗമാം മാർത്തട്ടലയുന്നു
തോളണിത്തൂവെള്ളച്ചേലയ്ക്കുള്ളിൽ.

---

൧൪. താരകൾ=നക്ഷത്രങ്ങൾ. നിശ്ചലം=ഇളക്കമില്ലാതെ. ഭംഗമാന്ന്=സ്ഥാനഭ്രംശം വന്ന്.

൧൫. ഉർവ്വ്+ഇതാ=ഉർവ്വിതാ. ഉർവ്വി=ഭൂമി. വീഥി=തെരുവ്. ശരിതന്നെ, നക്ഷത്രതുല്യമായ ഒരു മനോഹരരൂപം ഇതാ ഈ പുരവീഥിയിൽ! അല്ലെങ്കിൽ......ലാവിൽ—ആ രൂപം നക്ഷത്രംപോലെയോ നിലാവുപോലെയോ ശോഭിക്കുന്നു എന്നു സാരം.

൧൬. മനോഹരസർവ്വാംഗി=എല്ലാം അംഗങ്ങളും മനോഹരമായിട്ടുള്ളവൾ. ആരോമലാൾ—സുന്ദരി എന്നു സാരം. വെമ്പൽ=തിടുക്കം. ഉത്തുംഗം=ഉയന്നത്.

൨൬. കെട്ടഴിഞ്ഞോമനപ്പൃഷ്ഠഭാഗത്തെയും
പുഷ്ടനിതംബപ്പരപ്പിനേയും
മൂടിക്കിടക്കുന്നു, മുഗ്ദ്ധമാം കാർകുഴൽ
നീട്ടററ നീലത്തഴയ്ക്കുതുല്യം;
ഇക്കുരിരുൾച്ചുരുൾ തൊട്ടുഴിയുന്നിതോ!
തൃക്കരംകൊണ്ടിരുൾ പോക്കും ചന്ദ്രൻ!

൨൭. ഭവ്യപരിമളമൊന്നിതാ, പൂത്തൊരു
ദിവ്യലതയിൽനിന്നെന്നപോലേ,
സുന്ദരിതങ്കൽനിന്നേററിടചേരുന്നു
ചന്ദനശീതളചന്ദ്രികയിൽ.

൨൮. സ്ഫാടികപാത്രമൊന്നുണ്ടു വിളങ്ങുന്നു
പാടലമായ തൽപാണിയിങ്കൽ:

---

൨൬. പൃഷ്ഠഭാഗം=പിൻപുറം. നിതംബം=അരക്കെട്ടിന്റെ പിൻഭാഗം. മുഗ്ദ്ധം=മനോഹരം. കാർകുഴൽ=തലമുടി. ഇക്കുരിരുൾ — ഈ തലമുടിച്ചുരുൾ. ഉഴിയുക=തലോടുക. തൃക്കരം (ശ്രീമത്തായ രശ്മി, തൃക്കയ്യ്) തലമുടി ചന്ദ്രരശ്മി തട്ടി മിന്നുന്നു എന്നു സാരം. ഇവളിൽ ലോകർ കാണുന്ന മാലിന്യം, മാലിന്യമകററുന്ന പാവനാത്മാവിന്നു ലാളനീയമാണെന്നു വ്യംഗ്യം.

൨൭. ഭവ്യപരിമളം=നല്ല വാസന. ദിവ്യലത=സ്വർഗ്ഗത്തിലെ വള്ളി. ചന്ദന.....യിൽ=ചന്ദനത്തെപ്പോലെ തണുപ്പുള്ള നിലാവിൽ. നായികയുടെ ശരീരത്തിൽനിന്നു പ്രസരിയ്ക്കുന്ന സുഗന്ധം, ചന്ദനത്തിന്റെ തണുപ്പുമാത്രമുള്ള ചന്ദ്രികയെ സൌരഭ്യപ്പെടുത്തുകക്കൂടിച്ചെയ്യു.

ഏറിയ ഭംഗ്യാ വിരിഞ്ഞ ചെന്താമര-
ത്താരിലൊരോമന്മരാളംപോലെ.

൨൦. ഏകയായേണാക്ഷി കാമുകസന്നിധി
പൂകുവാൻ പോവുകയായിരിയ്ക്കാം;
തൻപള്ളിവാളേന്തി പ്രച്ഛന്നമൂർത്തിയായ്
മുമ്പിൽ നടക്കുന്നുമുണ്ടാം പ്രേമം;
ഉല്ലസിയ്ക്കട്ടേ യഥേഷ്ടമായ് മന്മഥൻ!
അല്ല,ഭിസാരികയല്ലിത്തന്വി:
ശങ്കയോ ഭീതിയോ തീണ്ടിയിട്ടില്ലല്ലോ,
തങ്കപ്പൂപോലുള്ള തന്മുഖത്തെ.
അല്ലായ്കിലീയഭിസാരികയ്ക്കാവക
വല്ലായ്മകൾക്കില്ല ബന്ധമൊന്നും:

---

൧൯. സ്ഫാടികപാത്രം=സ്ഫടികപാത്രം. പാടലം=ചുകന്ന. തൽപാണി=അവളുടെ കൈ. ചെന്താമരത്താർ=ചെന്താമരപ്പൂവ്. ഓമന്മരാളം=പ്രിയപ്പെട്ട അരയന്നം.

൨൦. ഏണാക്ഷി=സുന്ദരി. കാമുകസന്നിധി=കാമുകന്റെ സമീപം. പള്ളിവാൾ—അധികാരശക്തിയെന്നു പ്രകൃതാർത്ഥം. പ്രച്ഛന്നമൂർത്തി=അദൃശ്യമൂർത്തി. മന്മഥൻ=കാമദേവൻ. അഭിസാരിക=കാമുകന്റെ അരികത്തേയ്ക്കു പോകുന്നവൾ. തന്വി=യുവതി.

രാത്രിയിൽ ഏകാകിനിയായ നായികയുടെ യാത്ര കണ്ടാൽ അവൾ കാമുകനെ അന്വേഷിച്ചു പോകുന്ന ഒരുവളാണെന്നു തോന്നാം. വഴിയിൽ സഹായത്തിന് അദൃശ്യമൂർത്തിയായ പ്രേമം, അതിന്റെ

ഏവരുമാരെയഭിസരിക്കേണ്ടൂ, മ-
ദ്ദേവനെത്തേടിഗ്ഗമിപ്പോളിവൾ.

൨൧. കാമിനീമൗലേ, സമാശ്വസിച്ചാലും നീ,
കാമിതമെന്തിനിക്കൈവരേണ്ടൂ?
മിന്നി വിടൎന്ന നിൻ മീനൊളിക്കണ്ണിനു
മുന്നിലായ് പുണ്യമാം സങ്കേതം തേ!

൨൨. ശീമോൻെറ വീട്ടിൽത്തുറന്നുകിടക്കുന്ന
പൂമുഖവാതിലപ്പുഷ്കരാക്ഷി

അധികാരമാകുന്ന പള്ളിവാളോട്ടുകൂടി അവളുടെ മുമ്പിൽ അകമ്പടി സേവിക്കുന്നുമുണ്ടാവാം. അങ്ങിനെയെങ്കിൽ, കാമദേവൻ സന്തോഷിക്കട്ടെ—എന്നു കവി വിജയാശംസ ചെയ്യുന്നു. എന്നാൽ പരമാൎത്ഥത്തിൽ, തൻെറ അശുദ്ധജീവിതത്തിൽനിന്നു പിന്തിരിയുന്നതിനുള്ള സ്വന്തം അന്തഃകരണത്തിൻെറ പ്രേരണയെ അമൎത്തിക്കളയുന്ന സൎവ്വവിധപ്രലോഭനശക്തികളേയും ഒന്നാകെ കീഴ്പ്പെടുത്തത്തക്ക അധികാരവീൎയ്യത്തോടുകൂടി പരിശുദ്ധമായ പ്രേമം, അവളെ ജഗദീശ്വരൻെറ ദിവ്യസന്നിധിയിലേയ്ക്കു നയിക്കുന്നതിനാൽ, അവൾ ഇപ്പോൾ ഒരു വെറും അഭിസാരികയല്ല; സൎവ്വമനുഷ്യരും ഒന്നുപോലെ ചെന്നണയേണ്ടവനായ ജഗൽസ്രഷ്ടാവിനെ പ്രാപിപ്പാനായി അത്യുൽക്കണ്ഠയോടെ പോവുന്നവളാണിവൾ. അതുകൊണ്ട് ഇവൾക്കാരെയും ശങ്കിക്കയും ഭയപ്പെടുകയും വേണ്ടാ.

൨൧. കാമിനീമൌലി=സ്ത്രീകളിൽ മികച്ചവൾ. കാമിതം=ആഗ്രഹം. സങ്കേതം=താവളം. (ക്രിസ്തുവിൻെറ ദിവ്യസന്നിധി) തേ=നിനക്ക്. മീനൊളിക്കണ്ണ്=മത്സ്യംപോലെ നീണ്ട കണ്ണ്.

൨൨. പുഷ്കരാക്ഷി=താമരയിതൾക്കൊത്ത കണ്ണുള്ളവൾ. അവൾ

ആകെ രോമാഞ്ചിതഗാത്രിയായ്ദ്ദർശിച്ചാൾ,
നാകത്തിൻ ഭാസുരദ്വാരം പോലെ.

വന. വേഗം നിലച്ചു ഗതിയ്ക്കവൾക്കാസന്ന-
സാഗരയാം നദിയ്ക്കെന്നപോലെ.

വർ. ആകൃഷ്ടയായിതോ വീണ്ടും മുന്മട്ടിലൊ-
രാകമ്രപാശത്താൽ മുമ്പോട്ടവൾ.
ഏറെനാൾ വേർപെട്ടിരുന്നിട്ടു കുട്ടിതൻ
ചാരത്തെയ്ക്കെത്തുന്നൊരമ്മപോലെ
പേർത്തുമുൽക്കണ്ഠിതയായ്ച്ചമഞ്ഞോ,രോരോ
കാൽത്തളിർവെപ്പിനാലഞ്ചുമാറും
വെൺകല്പടകൾ പിന്നിട്ടുകൊണ്ടഗ്ഗൃഹ-
ത്തിങ്കലേയ്ക്കേറിനാൾ തിങ്കൾമുഖി.

ആ തുറന്ന വാതിലിനെ കൺവിടരെ കണ്ടു എന്നു സൂചന. രോമാഞ്ചിതഗാത്രി=കോൾമയിർക്കൊണ്ട ശരീരത്തോടുകൂടിയവൾ. നാക.........ദ്വാരം=സ്വർഗ്ഗത്തിന്റെ പ്രകാശമാനമായ വാതിൽ.

വന. ഗതി=നടത്തം. ആസന്നസാഗര=കടലിനോടു സമീപിച്ചത്.

വർ. ആകൃഷ്ട=ആകർഷിയ്ക്ക(കെട്ടിവലിയ്ക്ക)പ്പെട്ടവൾ. ആകമ്രപാശം=സുഖകരമായ കയർ. വീണ്ടും, വേഗത്തിൽത്തന്നേ നടന്നുതുടങ്ങി. ഉൽക്കണ്ഠിത=അത്യന്തം ആഗ്രഹമുള്ളവൾ. തിങ്കൾമുഖി=സുന്ദരി. അവൾ ആ ഗൃഹത്തിന്ന് ഒരു ശോഭയേറ്റി എന്നു വ്യംഗ്യം.

൨൭. പിന്നിലെയ്ക്കുന്തിയോ സിന്ധുവിൻ കല്ലോലം
തന്നിലണയും തരംഗിണിയെ!
വാതില്ക്കൽശ്ശങ്കിച്ചുനില്ക്കേണ്ടാ മുഗ്ദ്ധേ, നീ;
സ്വാതന്ത്ര്യമോടകത്തെയ്ക്കു ചെല്ലാം:
കെട്ട മാർഗ്ഗത്തിൽ നടന്ന നിൻ കാൽച്ചളി
മൃഷ്ടമായല്ലോ നിൻകണ്ണീരാൽത്താൻ!

---

൨൭. സിന്ധു=സമുദ്രം. കല്ലോലം=തിരമാല. തരംഗിണി=നദി. മുഗ്ദ്ധ=സുന്ദരി; പരുങ്ങലുള്ളവൾ. മൃഷ്ടം=കഴുകിത്തുടയ്ക്കപ്പെട്ടത്. നായിക ഗൃഹദ്വാരത്തിൽ പെട്ടെന്നു നിന്നത്, അത്ര പാപിനിയായ തനിയ്ക്കു് ഈശ്വരപുത്രൻെറ സന്നിധിയിൽ ചെല്ലാൻ പാടുണ്ടോ എന്നു തോന്നുകയാലാണ്. ക്രിസ്തുവിൻെറ അനുഭാവാതിശയം അവളെ പുറകോട്ടു തള്ളിയോ! കവി അവളെ ആശ്വസിപ്പിയ്ക്കുന്നു.

III

൰൩. ദാരിദ്ര്യശുഷ്കമാം പാഴ്കുടിലൊന്നിലാ-
ണീ രുചിരാംഗി ജനിച്ചതത്രേ:
പാറപ്പുറത്തൊരു ഭംഗിയേറും പനി-
നീരലരുണ്ടായിതെങ്ങിനെയോ!

൰൪. വാരുററ തൂമണം വ്യാപിയ്ക്കുമാറതു
താരുണ്യലക്ഷ്മി ചേർന്നുല്ലസിയ്ക്കേ,
ആരും തിരിഞ്ഞുനോക്കാതിരുന്നാക്കുടിൽ
പൂരുഷന്മാർക്കൊക്കെപ്പൂമേടയായ്!

൰൫. സ്വാർത്ഥകതൽപരന്മാരവർ കാമത്തിൻ
പൂർത്തിയ്ക്കാപ്പുഷ്പത്തെച്ചേററിൽ വീഴ്ത്തി;
തേവിടിപ്പെണ്ണാക്കിത്തീർത്താരവരൊരു
പാവമാം കൊച്ചുസഹോദരിയെ:

൰൩. ദാരിദ്ര്യ......ടിൽ=ദാരിദ്ര്യത്താൽ വരണ്ട ചെററക്കുടിൽ. രുചിരാംഗി=സുന്ദരി. പനിനീരലർ=പനിനീർപ്പൂവ്. പാറപ്പുറത്ത് ഒരു പനിനീർപ്പൂവുണ്ടായതുപോലെ, ദാരിദ്ര്യം പിടിച്ച ഒരു ചെററക്കുടിലിൽ ഈ സുന്ദരി ജനിച്ചല്ലോ എന്നതുത്ഭുതം.

൰൪. വാരുററ......ണം=വളന്ന സുഗന്ധം. താരുണ്യലക്ഷ്മി=യൌവനഭംഗി. നായിക യൌവനാവസ്ഥയെ പ്രാപിച്ചതോടുകൂടി, ആ ചെററക്കുടിലിലെയ്ക്ക്, ഒരു മണിമാളികയിലെയ്ക്കെന്നപോലെ, കാമുകന്മാർ കയറിച്ചെന്നുതുടങ്ങി.

൰൫. സ്വാർത്ഥകതൽപ്പരന്മാർ=തൻകാര്യം മാത്രം നോക്കുന്നവർ. സ്വച്ഛം=നിർമ്മലം. ലോകസരസ്സ്=ലോകമാകുന്ന പൊയ്ക. കാമുക

സ്വച്ഛമാം ലോകസരസ്സിന്നടിത്തട്ടി-
ലിച്ചേർ നിറപ്പതു മാനുഷൻതാൻ!

൨൯. സൎഗ്ഗകൎത്താവിവൾക്കാവോളമേകിനാൻ
സ്വൎഗ്ഗലോകത്തിലെസ്സൌന്ദൎയ്യത്തെ;
എന്നാലസ്സൽഗ്ഗുണംതന്നെയിത്തന്വിയെ-
ദ്ദുന്നരകാന്തത്തിൽത്തള്ളിവിട്ടു!

൩൦. ആദിഘട്ടങ്ങളിലീ വിടാരാധനം
നീതിയല്ലെന്ന നിഷേധശബ്ദം
ചേതസ്സിൽനിന്നുദിച്ചേശിയിരുന്നു പൊൻ-
കൈതപ്പൂമെയ്യാൾതൻ കൎണ്ണത്തിങ്കൽ;
കാലക്രമാലതു കാമുകസ്തോത്രോക്തി-
ജാലനിൎഘോഷത്തിലാണ്ടുപോയ്പ്പോയ്!

ന്മാർ തൻകാൎയ്യത്തിനുവേണ്ടി, ആ സാധുയുവതി തങ്ങളുടെ ഒരു കൊച്ചുസഹോദരിയാണെന്നുള്ള വാസ്തവമോൎക്കാതെ, അവളെ മാലിന്യപ്പെടുത്തി എന്നു സാരം. ഈ പരിശുദ്ധലോകത്തെ അശുദ്ധാകൃത്യങ്ങളാൽ ദൂഷിപ്പിയ്ക്കുന്നതു മനുഷ്യർതന്നെയാണ്.

൨൯. സൎഗ്ഗകൎത്താവ് = സൃഷ്ടിയ്ക്കുന്നവൻ. ദുന്നരകാന്തം = കെട്ട നരകമദ്ധ്യം.

൩൦. വിടാരാധനം = വിടസേവ. ചേതസ്സ് = ഹൃദയം. പൊൻകൈതപ്പൂമെയ്യാൾ = സുന്ദരി. കാമു.....ഷം = കാമുകന്മാരുടെ സ്തുതിവാക്യങ്ങളുടെ ഘോഷം. ആണ്ടു = താണു. വിടന്മാരുമായുള്ള കൂട്ടുകെട്ടു പാപകരമാണെന്ന് ആദ്യകാലത്ത് അവളുടെ അന്തഃകരണം അവളോടുപദേശിച്ചുവെങ്കിലും, ഒടുവിൽ കാമുകന്മാരുടെ സ്തുതിവാക്കുകൾ അതിനെ കീഴ്പെടുത്തിക്കളഞ്ഞു.

൩൧. ദാരിദ്ര്യപീഡയാൽ വാട്ടമൊരുത്തിതൻ
ചാരിത്രഭൂഷയൊന്നെത്ര വേഗം
വില്പപ്പെട്ടുകയില്ലാം,വശ്യക്കാരുടെ
വില്ലാശ്ശു മേൽക്കുമേൽ വന്നു വീഴ്കെ!

൩൨. കാർമുകിൽവേണിതൻ ചുററുമേ കാണായി
കാമുകരപ്പിക്കുമാമാടകൾ,
തന്മെയ്യാം കാഞ്ചനവല്ലരിമേൽനിന്നു
ചെമ്മേ പൊഴിയുന്ന പൂക്കൾപോലെ.

൩൩. മന്മഥശില്പത്താൽദ്ദീപ്തമിവളുടെ
മയ്ക്കൺമുനയാലുള്ളോരോ നോട്ടം,
നൂറു നൂറിന്ദ്രനീലാഖ്യരത്നത്തിലു-
മേറെ വിലപ്പെട്ടതായിരുന്നു!

---

൩൧. ദാരിദ്ര്യപീഡ=ദാരിദ്ര്യദുഃഖം. ചാരിത്രഭൂഷ=സദ്വൃത്തിയാകുന്ന ആഭരണം. വില്ലാശ്=ഒരുവക സ്വർണ്ണനാണയം. പൊരുതിക്കു വകയില്ലാത്ത അവൾ തന്റെ ആഭരണത്തെ, വേണ്ടുവോളം വില കിട്ടുമെന്നായപ്പോൾ, വേഗേന വിററുകളഞ്ഞതിൽ എന്താണത്ഭുതം?

൩൨. കാർമുകിൽവേണി=സുന്ദരി. കാമു.........ടകൾ=കാമുകന്മാർ നല്കുന്ന ഒരുതരം പൊൻനാണ്യങ്ങൾ. കാഞ്ചനവല്ലരി=സ്വർണ്ണലത.

൩൩. മന്മഥശില്പം=കാമദേവന്റെ കടച്ചിൽപ്പണി. ദീപ്തം=മിന്നിത്തിളങ്ങുന്നത്. ഇന്ദ്രനീലാഖ്യരത്നം=ഇന്ദ്രനീലക്കല്ല്. അനവധി രത്നങ്ങൾ കൊടുത്തും അവളുടെ ഒരു കടാക്ഷം ലഭിക്കുന്നതു ലാഭമായിട്ടാണ്, കാമുകന്മാർ കരുതിയിരുന്നത്.

൩൭. ലോകത്തിനൊക്കെയും പാല്ക്കുഴമ്പായ്ത്തോന്നു-
മേകമാം പുഞ്ചിരിത്തെല്ലിനാൽത്താൻ,
ലോലായതാക്ഷിതൻ പുൽമാടം പെട്ടെന്നു
കൈലാസംപോലുള്ള മാളികയായ്!

൩൮. ഒന്നല്ല പത്തല്ല ചില്ലീലതാഞ്ചല-
മൊന്നനങ്ങുന്നതും കാത്തുനില്പോർ;
കുംഭിസഞ്ചാരിണിയ്ക്കെന്തിതിലപ്പുറം:
കുംഭിനീനാഥരും കുംഭദാസർ!

൩൯. കൊററിന്നുഴക്കരി കാണാതിരുന്നവൾ
കൊററക്കുട ചൂട്ടം റാണിയായി:
ഹന്ത, സൌന്ദര്യമേ, നാരിതൻമെയ് ചേർന്നാ-
ലെന്തെന്തു സൌഭാഗ്യം സാധിയ്ക്കാ നീ?

---

൩൭. ലോലായതാക്ഷി=സുന്ദരി. കൈലാസം=വെള്ളിക്കുന്ന്. നിഷ്പ്രയാസമായും എളുപ്പത്തിലും അവൾ അത്ര സമ്പന്നയായിത്തീർന്നു എന്നു താൽപര്യം.

൩൮. ചില്ലീലതാഞ്ചലം=പുരികക്കൊടികളുടെ അററം. കുംഭിസഞ്ചാരിണി=ആനയെപ്പോലെ നടക്കുന്നവൾ. (സുന്ദരി.) കുംഭിനീനാഥർ=രാജാക്കന്മാർ. കുംഭദാസർ=വീട്ടുവേലക്കാർ.

൩൯. കൊററ്=ഭക്ഷണം. കൊററക്കുട=രാജചിഹ്നമായ നീണ്ട കാലുള്ള വെളുത്ത കുട. റാണിയായി—അവൾക്കു ധനസമൃദ്ധിമാത്രമല്ല, ആജ്ഞാശക്തിയും കൈവന്നു.

IV

൩൧. ഏവമസ്സമ്പത്തിൻ സർപ്പോപധാനത്തിൽ-
ക്കാൽവെച്ചുറങ്ങുമിക്കാമിനിയെ
മെല്ലവേ മെയ് തൊട്ടുണർത്തീ യദൃച്ഛയാ
നല്ല കാലത്തിൻെറ നിശ്വാസങ്ങൾ:

൩൨. പൂന്തേനിൻ തുള്ളിപോലെ, ങ്ങുനിന്നോ കുളിർ-
പ്പൈന്തെന്നലെത്തിച്ചൊരാര്യസൂക്തം
കണ്ണു മിഴിപ്പിച്ചു ചുററുമേ നോക്കിച്ചു
കണ്ണാന്തവിശ്രാന്തലോചനയെ.

൩൩. ക്രിസ്തുവാം കൃഷ്ണൻെറ ധർമ്മോപദേശമാം
നിസ്തുലകോമളവേണുഗാനം

---

൩൧. ഏവം=ഇപ്രകാരം. സർപ്പോപധാനം=പാമ്പാകുന്ന തലയണ. അവളുടെ സമ്പത്തു ദുർവ്യാപാരംകൊണ്ടുണ്ടായതാകയാൽ, ആ തലയണയെ സർപ്പം (പിശാച്) ആക്കി കല്പിച്ചിരിക്കുന്നു. നല്ല കാലം (സൽപ്രേരണ) അവളെ മോഹനിദ്രയിൽനിന്നു തട്ടിയുണർത്തി താദൃശജീവിതത്തിൻെറ ആപൽകരത്വത്തെ അവൾക്കു കാണിച്ചുകൊടുത്തു.

൩൨. കുളിർപ്പൈന്തെന്നൽ=കുളിരിളംകാററ്. ആര്യസൂക്തം=യേശുക്രിസ്തുവിൻെറ ശ്രേഷ്ഠോപദേശം. കണ്ണാന്ത.....ചന=സുന്ദരി. തൻെറ കണ്ണുത്തിൽ പതിച്ച ദിവ്യോപദേശം നായികയെ വല്ലാതെ പരിഭ്രമിപ്പിച്ചു എന്നു താൽപര്യം.

൩൩. നിസ്തുലം=തുല്യമില്ലാത്തത്. കോമള...ഗാനം=മനോഹരമായ ഓടക്കുഴൽനാദം. ആവിർഭൂതമായ്=ഉണ്ടായി. നിഷ്പന്ദ=അനക്ക

ഏതോ സ്വനഗ്രാഹിയന്ത്രത്തിൽനിന്നാവിർ-
ഭൂതമായ്ത്തൻചെവി പൂകിയാറേ
വൃന്ദാവനത്തിലെ മാൻപേടപോലെ നി-
ഷ്പന്ദയായ് നിന്നു മുഹൂർത്തമിവൾ;

൪൦. രക്ഷിക്ക ചാരിത്രമെന്നൊരാറക്ഷരം
നക്ഷത്രം പോലതാ, തത്ര മിന്നി!
സാരം ഗ്രഹിച്ചിവൾ തൻജീവിതാധ്യായ-
മോരോന്നും വായിച്ചുനോക്കുകയായ്;
ചാരിത്രമെന്നൊരു വാക്കതിൽക്കണ്ടീലാ-
നാരിപ്പൂണ്പയ്യോ, നടുങ്ങിപ്പോയി!

മില്ലാത്തവൾ. ഇവിടെ കവി യേശുക്രിസ്തുവിനെ ധർമ്മോപദേശവിഷയത്തിൽ കൃഷ്ണനാണെന്നു സങ്കല്പിക്കുന്നു. ഒരേ ധർമ്മതത്വത്തെത്തന്നെ രണ്ടു മതങ്ങളിലും ഒന്നുപോലെ ദർശിക്കുന്ന ഒരു കവിക്കു രണ്ടവതാരപുരുഷന്മാരെയും ഏകബുദ്ധിയോടുകൂടി മാത്രമേ ഗണിപ്പാൻ സാധിയ്ക്കൂ. ശ്രീകൃഷ്ണന്റെ ഓടക്കുഴൽനാദം കേട്ടു വൃന്ദാവനത്തിലെ മാൻപേടകൾ ആനന്ദമൌനം പൂണ്ടതുപോലെ, ശ്രീയേശുക്രിസ്തുവിന്റെ ദിവ്യോപദേശം ആരോ പറഞ്ഞുകേട്ടതോടുകൂടി നായിക കുറേനേരത്തേക്കു നിശ്ചലയായി നിന്നുപോയി.

൪൦. ചാരിത്രം=സദ്വൃത്തി. തത്ര=അതിൽ (ദിവ്യോപദേശത്തിൽ) തൻ ജീവിതാ......കയായ്=തന്റെ ജീവിതമാകുന്ന ഗ്രന്ഥത്തിലെ ഓരോ അദ്ധ്യായങ്ങളെ(ഘട്ടങ്ങളെ)യും വായിച്ചുനോക്കിയതിൽ താൻ ഒരു വലിയ ദുർവൃത്തമാത്രമാണെന്നു കണ്ടു നാരിപ്പൂൺപു (=സ്ത്രീശിരോമണിയായ നായിക) ഭയപ്പെട്ടു. വ്യഭിചാരം കേവലം പ്രവൃത്തിയിൽ മാത്രമല്ല, വ്യഭിചരിക്കണമെന്നുള്ള ഉദ്ദേശത്തോടെ നോക്കുന്നതു

൪൫. പാതാളക്കുണ്ടിൽനിന്നമ്മണിപ്രാസാദ-
 മേതൊന്നിലൂടെയാത്രൂഢയായ് താൻ,
 അക്കോണി മാഹേന്ദ്രനീലനിബദ്ധമ-
 ല്ലൊ,ക്കെക്കരിംചളിക്കട്ടകളാൽ
 കെട്ടിപ്പടുത്തതാണെന്നുള്ള വാസ്തവം
 കുട്ടിനീമൌലിയ്ക്കു ബോധപ്പെട്ടു.

൪൬. ശാരദപൌർണ്ണമീചന്ദ്രബിംബത്തോടു
 കേറികയർത്ത തൻകേളീസൌധം

തന്നെയും വ്യഭിചാരമാണെന്നു ക്രിസ്തു പ്രസംഗിച്ചതു കേട്ടപ്പോൾ ചാരിത്രത്തെ അതിൻെറ പരമോൽകൃഷ്ടമായ അർത്ഥത്തിൽ രക്ഷിയ്ക്കേണ്ടതിൻെറ ആവശ്യകത അവൾക്കു തികച്ചും ബോധപ്പെട്ടുവെന്നു മാത്രമല്ല, തൻെറ മ്ലേച്ഛപാപങ്ങളെ ഓർത്തു നായിക നടുങ്ങിപ്പോകുകകൂടി ചെയ്തു വെന്നു സാരം.

൪൫. മണിപ്രാസാദം=മണിമേട. ആത്രൂഢയായ്=കയറി. മാഹേന്ദ്രനീലനിബദ്ധം=ഇന്ദ്രനീലക്കല്ലാൽ കെട്ടപ്പെട്ടത്. കുട്ടിനീമൌലി=വേശ്യാശിരോമണി. താഴ്ന്ന ജീവിതത്തിൽനിന്ന് ഉന്നതപദത്തിലെത്താൻ തന്നെ സഹായിച്ച വ്യാപാരം പരിശുദ്ധമായിട്ടുള്ളതല്ല; നേരെമറിച്ചു കരിഞ്ചളിക്കട്ടയ്ക്കു തുല്യം അറയ്ക്കത്തക്കതാണെന്നു നായികയ്ക്കു ബോധപ്പെട്ടു.

൪൬. ശാര......ബിംബം=ശരൽക്കാലത്തെ പൂർണ്ണചന്ദ്രബിംബം. കേളീസൌധം=വ്യഭിചാരകൃത്യത്തിനുപകരിച്ചിരുന്ന സ്വന്തം മണിമാളിക. ബന്ധുരഗാത്രി=സുന്ദരി. ഭീഷണം=ഭയങ്കരം. അന്ധ......ദേശം—ഒരു ഘോരനരകം. ഇവിടംമുതൽ ൪൯—വരെയുള്ള പദ്യങ്ങളിൽ, സുഖാനുഭോഗങ്ങൾക്ക് ആസ്പദമെന്നു നായിക ഭ്രമിച്ചിരുന്ന ഓരോന്ന

ബന്ധുരഗാത്രിയ്ക്കു ഭീഷണമായ്ത്തിന്നി-
ത്യന്ധതാമിസ്രപ്രദേശം പോലെ.

൪൩. തത്ര പലേടം തുറന്നു കിടക്കുന്ന
ചിത്രശില്പങ്ങളാം വാതിലുകൾ
തന്വിതൻ കണ്ണിനു, തിന്നും നരകങ്ങൾ
മുന്നിൽപ്പിളത്തിയ വായ്കളായി!

൪൪. അന്നത്തിൻ തൂവൽ നിറച്ചണിക്കട്ടിലിൽ
മിന്നുന്ന പട്ടുകിടയ്ക്കയെല്ലാം
കൂത്തുമൂത്തീടിന കാരിരിമ്പാണികൾ
തുത്തുതറച്ചുള്ളൊന്നായിത്തോന്നീ.

൪൫. മെച്ചമിയന്ന പൊൻപഞ്ജരംതന്നിലെ-
പ്പച്ചമണിക്കിളിപ്പെൺകൊടിയാൾ,

സൂവിലും അവൾക്കുണ്ടായ തീവ്രമായ വൈരാഗ്യത്തെ പ്രകാശിപ്പിക്കുന്നു.

൪൩. തത്ര=അവിടെ. ചിത്രശില്പങ്ങൾ=പലതരം കൊത്തുപണിയോടുകൂടിയവ.

൪൪. അന്നം=അരയന്നപ്പക്ഷി.

൪൫. പഞ്ജരം=കൂട്. പച്ച......ടിയാൾ=പെൺതത്ത. കളാലാപം=അവ്യക്തമധുരമായ വാക്ക്. ദുഷ്കൃത......ഹാസം=ദുഷ്കമ്മപ്പിശാചിന്റെ ഭയങ്കരമായ അട്ടഹാസം. വേശ്യയുടെ ഗൃഹത്തിൽ വളത്തുന്ന തത്ത മുതലായ പക്ഷികൾ, അവിടെ കാമുകന്മാർ അടയ്ക്കേണ്ട തുക

'കൊച്ചമ്മേ, കൊച്ചമ്മേ, നൂറു വരാഹ'നെ-
ന്നുച്ചരിയ്ക്കുന്ന കളാലാപമോ,
ദുഷ്ടരക്ഷസ്സിൻ തീക്ഷ്ണാട്ടഹാസത്തെ-
യിക്കണ്ണിന്നത്തിങ്കലടിച്ചുകേററി!

൪൬. സ്ഫാടികവിസ്തൃതവാതായനങ്ങളിൽ
മോടിയ്ക്കു തൂക്കിയ നീരാളങ്ങൾ,
ഭ്രാന്തമിളിന്ദമാം പ്രാന്തമലർത്തോപ്പിൽ-
ത്തേൻതുള്ളി ചിന്നിച്ച തെന്നലേല്ക്കേ
നേക്കിളകീടിന ദീർഘഞെറികളാൽ
'നോക്കിക്കോ!' എന്നിവളോടു ചൊല്ലി.

൪൭. പൊൻപിടിത്താലവൃന്തങ്ങളാൽ വീശാനോ
ചെംപദത്തണ്ടാർ തലോടുവാനോ

യെപ്പററി നടത്തുന്ന പേച്ചുകൾ ഉരുവിട്ടുകൊണ്ടിരിയ്ക്കുമെന്നു കവി സങ്കല്പിയ്ക്കുന്നു.

൪൬. സ്ഫാടി.....ളിൽ=കണ്ണാടികൊണ്ടുണ്ടാക്കിയ വിസ്താരമുള്ള ജനലുകളിൽ. ഭ്രാന്ത......ന്ദമാം=വണ്ടുകൾ പറന്നുനടക്കുന്ന. പ്രാന്തമലർത്തോപ്പ്=സമീപസ്ഥമായ പൂന്തോട്ടം. ജനലുകളിൽ തൂക്കിയിട്ടുള്ള നീരാളമറകളുടെ നീണ്ട ഞെറികൾ, കൈവിരൽ ചൂണ്ടി ശാസിയ്ക്കുന്ന മട്ടിൽ, അവളുടെ മഹാപാപത്തിനുള്ള ഭയങ്കരശിക്ഷയെപ്പററി അവളെ ഓർമ്മപ്പെടുത്തിയെന്നു സാരം.

൪൭. ചെംപദത്തണ്ടാർ=ചുകന്ന കാലാകുന്ന താമരപ്പൂവ്. ചൂഴററ=ചുററിലും നിന്നു. ചൂളുക=ചുളുങ്ങിവലിയുക. നായികയ്ക്കു പശ്ചാ

മററു ശുശ്രൂഷകളാദരാൽച്ചെയ്യാനോ
ചുററും തൻവേലക്കാർ വന്നുനില്ലോ,
ചൂടു പരത്തുന്ന ചെന്തീപ്പിശാചുക്കൾ
ചൂഴററ പോലിവൾ ചൂളുകയായ്.

൪൮. വന്മരുഭൂവൊന്നുയൎന്നു പരന്നിതു
തന്മനോരാജ്യത്തിൽ നാലുപാടും;
പച്ചയായൊന്നുമില്ലങ്ങു,പ്പറമ്പാകെ-
യുച്ചവെയിലേററരിഞ്ഞുജ്ജ്വലിച്ചു.

൪൯. രാജയോഗ്യങ്ങളാം ഭോഗ്യങ്ങളൊക്കയും
യോജിച്ച കാഞ്ചനക്കപ്പലേററി,
പോക്കണംകെട്ട ചെകുത്താനിവളെയ-
ത്തീക്കടൽമദ്ധ്യത്തിൽക്കൊണ്ടുതള്ളീ!

൫൦. ആളിന തിയ്യിൽനിന്നുത്ഥിതരായ്ച്ചില
കാളായസാംഗന്മാർ കൈകൾ നീട്ടി,

താപത്തിൽനിന്നുണ്ടായ സുഖവിരക്തിയെ ഇവിടെ പ്രകാശിപ്പിക്കുന്നു.

൪൮. താൻ വെയിലേററു കത്തിജ്വലിക്കുന്ന ഒരു മണലരണ്യത്തിൻനടുവിലാണ് നിൽക്കുന്നതെന്ന് അവൾക്കു തോന്നി.

൪൯. രാജ......ങ്ങൾ=രാജാക്കന്മാൎക്കുചിതമായ സുഖസാധനങ്ങൾ. കാഞ്ചനക്കപ്പൽ=സ്വൎണ്ണക്കപ്പൽ. ആ മരുഭൂമിയെത്തന്നെയാണ് തീക്കടലാക്കി കല്പിച്ചിരിക്കുന്നത്.

ആഞ്ഞുപിടിച്ചു പുല്കാനായിത്താൻനേക്കു
പാഞ്ഞേതല്ലതായുമിവൾക്കു തോന്നി.

൭൧. മാറിയൊഴിഞ്ഞെങ്ങു പായേണ്ടു? സങ്കട-
മാരോടു ചൊല്ലേണ്ടു തമ്പുരാനേ?
ഏതും പൊറുതി കാണാതിവളങ്ങൊരു
പൈതലെപ്പോലെ വാവിട്ടുകേണു.
കേഴുക, കേഴുക, മാന്യേ, മറിയമേ:
'കേഴുവോക്കാശ്വാസമേകുമീശൻ!'

൭൨. ധീരസഹസ്രത്തെ ലീലയാ കേഴിച്ച
നീരലർക്കണ്ണിണ തൂകും ബാഷ്പം,
ഏതോ വിശിഷ്ടമാം തീർത്ഥനീർ പോലെയി-
പ്പാതകഭീതയെപ്പൂതയാക്കി.

൭൩. ആശു മറെറല്ലാം മറന്നിവൾക്കാശയം
യേശുമഹേശനിൽച്ചെന്നു പററീ:

൭൦. ഉത്ഥിതർ=എഴുനേററവർ. കാളായസാംസന്മാർ=കാരിരി
മ്പുകൊണ്ടുള്ള ശരീരത്തോടുകൂടിയവർ.

൭൧. 'കരയുന്നവർ ആശ്വസിപ്പിയ്ക്കപ്പെടും' എന്നു ക്രിസ്തുതന്നെ
അരുളിച്ചെയ്തിട്ടുണ്ടല്ലോ.

൭൨. ധീരസഹസ്ര......ഴിച്ച=അനേകായിരം ധീരന്മാരെ നിഷ്പ്ര
യാസം കാമവേദനയാൽ കരയിച്ച. ബാഷ്പം=കണ്ണുനീർ. പാതകഭീ
ത=പാപകർമ്മത്തെ ഓർത്തു ഭയപ്പെട്ടവൾ. പൂത=പരിശുദ്ധ.

൭൩. ആശയം=മനസ്സ്. ഭാരാ......ത്താണി=ഭാരം ചുമക്കുന്നവ

'ഭാരാൎത്തൎക്കെല്ലാമത്താണി ഞാനെന്നു'
നേരായ്ക്കഥിച്ച കൃപാലുവെന്ന്യേ
ആർ പരമാശ്രയം പൎവ്വതംപോലുള്ള
പാപം ചുമക്കുമിവൎക്കു പാരിൽ?

൩൪. ഏവം മലീമസചൎയ്യയിൽനിന്നിവൾ
ദേവവിശ്വാസത്തിലെത്തിച്ചേൎന്നു,
കൂരിരുട്ടേറിയ രാവും ക്രമത്താലേ
സൂരൻെറ തേജസ്സിൽപ്പോയ് ലയിച്ചു!

൩൫. താനത്ര നേടിയ വിത്തമൊട്ടുക്കുടൻ
ദീനജനങ്ങൾക്കായൎപ്പിച്ചിവൾ
താപസംഹാരത്തിനീശനെദ്ധ്യാനിച്ചു
താപസവൃത്തിയിൽ വാഴ്കയായി.

ക്കു ചുമടുതാങ്ങി. പാപഭാരത്താൽ വലയുന്നവൎക്കു താൻ അത്താണിയാണെന്നു യേശുക്രിസ്തു ബൈബലിൽ കഥിച്ചിട്ടുള്ള ദിവ്യസന്ദേശത്തെയത്രേ ഇവിടെ സൂചിപ്പിക്കുന്നത്.

൩൪. മലീമസചൎയ്യ=മലിനമായ ജീവിതരീതി. സൂരൻ=സൂൎയ്യൻ. എത്ര അന്ധകാരമയമായ ഹൃദയവും ഒരു കാലത്തു ജ്ഞാനോദയത്താൽ പ്രകാശിക്കും.

൩൫. വിത്തം=ധനം. താപസംഹാരം=ദുഃഖശാന്തി. നായിക സൎവ്വസംഗപരിത്യാഗം ചെയ്തു.

൪൩. പില്ലാട്ടമൊട്ടു നാളെയ്ക്കു വിടന്മാർതൻ
സസ്പൃഹവീക്ഷിത,മിപ്പൂമെയ്യിൽ
വന്നേററു നോവിച്ചിരുന്നു കഠോരമാം-
വണ്ണം, കവിണക്കല്ലേറു പോലെ.

൪൪. ഇന്നലെ നാം കണ്ട തേവിടിപ്പെണ്ണല്ലി-
തി,ന്നിവൾ ചാരിത്രചാരുമൂർത്തി;
ഒററ നാൾകൊണ്ടൊക്കെ മാറിമറിഞ്ഞിവൾ
മറെറാരു ജന്മം ജനിച്ചപോലായ്!
മർത്ത്യനെക്കീഴ്പോട്ടു തള്ളുന്നതായാൾതാൻ;
മററാരുമല്ല കരേററുന്നതും.

---

൪൩. പില്ലാട്ടം=പിന്നീട്ടം. സസ്പൃഹവീക്ഷിതം=ആഗ്രഹത്തോടുകൂടിയ നോട്ടം. 'കവിണക്കല്ലേറുപോലെ' എന്നതിന്റെ സ്വാരസ്യം ൪൨-ാം പദ്യംകൊണ്ടു വെളിപ്പെടും.

൪൪. ചാരിത്ര...മൂർത്തി=പാതിവ്രത്യനിഷ്ഠയാൽ പരിശുദ്ധയായിട്ടുള്ളവൾ. മനുഷ്യന്റെ താഴ്ചയും, ഉയർച്ചയും സ്വകർമ്മത്താൽത്തന്നെ.

V

൫൭. സാധ്വി ഗൃഹത്തിന്നകത്തു കടന്നു, താ-
നോത്ത സങ്കേതത്തിലെത്തിച്ചേൎന്നു.
ശീമോന്റെ ഭാവം പകൎന്നു മുഖത്തു തെ-
ല്ലീ, മഹത്താകിയ തൻഗൃഹത്തിൽ
കില്ലെന്ന്യേ കേറിക്കടക്കയോ, കാണുകിൽ-
ക്കല്ലെറിയേണ്ടുന്ന തേവിടിശ്ശി!
എന്നാൽ മറുത്തൊന്നും ചൊല്ലീലവൻെറ നാ-
വെ,ന്തോ മഹാശക്തി ബന്ധിക്കയാൽ.
മിത്ഥ്യാഭിജാത്യമേ, നിൻതേജസ്സിങ്കൽനി-
ന്നെത്ര തമസ്സിങ്ങു തിങ്ങുന്നീലാ?

൫൮. ചെന്ന വഴിക്കവൾ സാഷ്ടാംഗം വീണിതു
വന്ദ്യനാം നാഥൻെറ തൃപ്പാദത്തിൽ.

---

൫൭. സാധ്വി=പതിവ്രത. കല്ലെറിയേണ്ടുന്ന തേവിടിശ്ശി—വ്യഭിചാരിണികളെന്നു തെളിയുന്ന സ്ത്രീകളെ യഹൂദന്മാർ കല്ലെറിഞ്ഞു കൊന്നിരുന്നു. മിത്ഥ്യാഭിജാത്യം=വംശം, ധനം എന്നു തുടങ്ങിയവയെപ്പററിയുള്ള അൎത്ഥമില്ലാത്ത അഭിമാനം. പരിശുദ്ധയായ നായിക തേവിടിശ്ശിയാണെന്നു വിചാരിച്ചു ക്രോധാവിഷ്ടനായിത്തീൎന്ന ശീമോൻെറ കുലീനതാഗൎവ്വംപോലുള്ള ഗൎവ്വമാണ് ലോകത്തെ വാസ്തവത്തിൽ ഇരുട്ടിക്കുന്നതെന്നു സാരം.

൫൮. കന്നൽമിഴി=സുന്ദരി. വിരുന്നിൽ സംബന്ധിച്ചിരുന്നവരേയും സദസ്സിൻെറ വലുപ്പത്തേയും നോക്കാതെ അവൾ ചെന്നവഴിക്കു തന്നെ ക്രിസ്തുവിൻെറ പാദത്തിൽ വീണതിൽനിന്ന്, അവളുടെ ദൃഢ

ഉത്തമഭക്ത്യാ താനുള്ളിൽ പ്രതിഷ്ഠിച്ച
നിത്യകല്യാണമാം ദിവ്യരൂപം
മുന്നിൽ വിളങ്ങവേ, മറെറാന്നു കാണുവാൻ
കന്നൽമിഴിയാൾക്കു കണ്ണെവിടെ?

൩൦. ഈശങ്കലായവർക്കുള്ള രതിഭാവം—
പേശലശുഭ്രമാം പ്രേമപൂരം—
ഉള്ളിൽ നിറഞ്ഞു വഴിഞ്ഞു പുറത്തേയ്ക്കു
തള്ളിയൊഴുകി, തൽക്കണ്ണിലൂടേ.

൩൧. പാപത്തിൻ കാറേറ പൊറാത്ത ഗൃഹേശ്വരൻ
പാഥസ്സു നല്കാഞ്ഞ ദിവ്യപാദം
ക്ഷാളിതമായിതസ്സംശുദ്ധൻ കാണ്കെത്താൻ,
ധൂളിപ്പെണ്ണൊന്നിന്റെ കണ്ണുനീരാൽ!

ഭക്തി വ്യഞ്ജിയ്ക്കുന്നു. (ഭക്ഷണവേളയിൽ യഹൂദന്മാർ വാതിലുകൾ തുറന്നിടുക സാധാരണമാണ്. പ്രവേശാനുവാദം ഇല്ലെങ്കിൽത്തന്നെയും ആർക്കും അപ്പോൾ അകത്തു കടന്നു നോക്കിനില്ക്കാൻ സമുദായാചാരം അനുവദിച്ചിരുന്നു.)

൩൦. രതിഭാവം=അനുരാഗം. (ബൈബിൾ 'സോളമന്റെ പാട്ടി'ൽ യേശുക്രിസ്തുവിനെ കാമുകനായും യഥാർത്ഥഭക്തനെ അഭിസാരികയായും വർണ്ണിച്ചിട്ടുണ്ട്. ഇതുകൊണ്ടത്രേ, 20-ാംപദ്യത്തിൽ കവി നായികയെക്കണ്ട് അഭിസാരികയാണോ എന്നു ശങ്കിച്ചത്.) പേശ.........പൂരം=നിഷ്കളങ്കമായ പ്രേമശക്തി. ഭക്തിപാരവശ്യത്താൽ അവൾക്കു കണ്ണീരൊഴുകി എന്നു സാരം.

൩൨. പങ്കമകന്ന കണ്ണീരാൽക്കഴുകിയ
തങ്കത്തൃക്കാൽകളെത്താഴ്മയോടേ
നേർത്ത പട്ടിന്നു നേർകൊണ്ട വാർകുന്തലാൽ-
ത്തോർത്തിത്തുടച്ചവ രണ്ടിന്മേലും
ചെംപവിഴങ്ങൾ പതിയ്ക്കയായ് കാമിനി,
തൻപരിപേലവവായ്മലരാൽ.
ഇന്നു നതാംഗി, നിൻവക്ത്രം പവിത്രമായ്!
ഇന്നു നിൻചുംബനം സ്ഥാനത്തായി!

൩൩. പിന്നീട താൻ കൊണ്ടുവന്ന പാത്രത്തിലെ-
ദ്ധന്യമഹാർഘസുഗന്ധതൈലം
തൂകിനാളെമ്പാടും, പൂക്കളിൽത്തൂമണം
പാകിയ കർത്താവിൻ മൂർദ്ധാവിങ്കൽ.

---

൩൧. പൊറാത്ത=സഹിയ്ക്കാത്ത. പാഥസ്സ്=വെള്ളം. ക്ഷാളിതം=കഴുകപ്പെട്ടത്. സാക്ഷാൽ ശ്രീയേശുവിന്നു കാൽകഴുകാൻ വെള്ളം കൊടുക്കാത്ത അഹംകാരി പാപത്തിൻെറ കാററുപോലും സഹിയ്ക്കാത്തവനാണ്—വ്യഭിചാരിണിയായിരുന്ന നായിക വീട്ടിൽ കടന്നുവരുന്നതുകൂടി സഹിയ്ക്കാത്തവനാണ്—പോൽ!

൩൨. പരിപേലവ.....രാൽ=മാർദ്ദവമുള്ള അധരത്താൽ. വക്ത്രം=മുഖം. പവിത്രം=പരിശുദ്ധം. വിടന്മാരുടെ ചുംബനംമൂലം അശുദ്ധിപ്പെട്ട അധരം ഇന്നു ക്രിസ്തുവിൻെറ തൃപ്പാദത്തിൽ ചെമ്പവിഴം പതിച്ചതിനാൽ.(ചുംബിച്ചതിനാൽ) പരിശുദ്ധമായി.

൩൩. ധന്യ.....തൈലം=ശ്രേഷ്ഠവും വിലയേറിയതുമായ സുഗന്ധതൈലം. കർത്താവ്=ജഗൽസ്രഷ്ടാവ്.

൩൪. ആതിഥ്യകാരിതൻ വൈരസ്യം കണ്ടിട്ടു,
പാതിത്യം നീക്കാൻ പിറന്ന ദേവൻ
വെൺചന്ദ്രികയ്ക്കു നിറം കൂട്ടുമാറൊന്നു
പുഞ്ചിരിക്കൊള്ളുകമാത്രം ചെയ്തു!

൩൫. വേശ്യതൻ സ്നേഹത്തിൽ മുങ്ങീ മഹേശ്വരൻ;
പാർശ്വസ്ഥരാശ്ചര്യസ്തബ്ധരായീ;
പാരാതവളുടെ സൽക്രിയാസൌരഭ്യം
താരാപഥത്തിലും വ്യാപരിച്ചു.

൩൬. കുബ്ജയാം സൈരന്ധ്രി രാജാംഗരാഗത്താ-
ലബ്ജദളാക്ഷനെയെന്നപോലെ,

---

൩൪. ആതിഥ്യകാരി—ശീമോൻ. വൈരസ്യം=രസക്കേട്. പാതി......വൻ=ലോകത്തെ ഉദ്ധരിപ്പാനായി അവതരിച്ച ഈശ്വരൻ. (വേശ്യയുടെ സ്പർശനത്തിൽ ക്രിസ്തു വൈമുഖ്യം ഭാവിക്കുന്നില്ലല്ലോ എന്നു വിചാരിച്ചു നീരസപ്പെടുന്ന ശീമോനെ നോക്കി അദ്ദേഹം പുഞ്ചിരി തൂകിയെന്നുള്ളതു മൂലകഥയിലില്ലാത്തതാണെങ്കിലും, സന്ദർഭത്തിനു് ഏററവും യോജിച്ചതും പരമകാരുണികനായ യേശുക്രിസ്തുവിൻെറ ഹൃദയാർദ്രതയെ വ്യക്തമായി പ്രകാശിപ്പിക്കുന്നതുമാകുന്നു.)

൩൫. സ്നേഹം=തൈലം; പ്രേമം. പാർശ്വസ്ഥർ=ചുററും ഇരുന്നവർ. സൽക്രിയാസൌരഭ്യം=സൽപ്രവൃത്തിയുടെ വാസന. താരാപഥം=ആകാശം.

൩൬. കുബ്ജ = കൂനി. സൈരന്ധ്രി=അലങ്കരിക്കുവാനുള്ള ദാസി. അന്യാദൃശാമോദം=അനന്യസാധാരണമായ സൌരഭ്യമുള്ളതു്. കംസ

അന്ന്യാദൃശാമോദതൈലാഭിഷേകത്താൽ-
ക്കന്ന്യാതനൂജനെ പ്രീതനാക്കി,
തന്നുയിർ നാഥങ്കൽച്ചേർക്കുവാനായിട്ടോ
തന്വിയാൾ നീണ്ടൊരു വീർപ്പു വിട്ടു!

൩൭. തൽഗളത്തിങ്കൽനിന്നുൽഗതമായ് പിന്നെ-
ഗ്ഗൽഗ്ഗദം പൂണ്ടൊരു വീണാഗാനം:—
"നാഥ, തവാജ്ഞകൾ കേട്ടു നടക്കാതെ
നാനാപരാധങ്ങൾ ചെയ്തുപോയ് ഞാൻ;
ശാസിതാവായോനേ, സർവ്വം ക്ഷമിച്ചു തൻ
ദാസിയെത്തൃക്കാല്ക്കൽ നിർത്തേണമേ!

൩൮. 'മുട്ടുവിൻ, വാതിൽ തുറക്കു'മെന്നങ്ങുന്നു
പട്ടാങ്ങമായ്ച്ചൊന്നതോർത്തുകൊണ്ടേ
താവകാനുഗ്രഹദ്വാരത്തിൽ മുട്ടുമീ-
പ്പാവത്തിനേകുകിങ്ങുൾപ്രവേശം.

ഗൃഹത്തിലെ സൈരന്ധ്രിയായ കുബ്ജ ശ്രീകൃഷ്ണഭഗവാനെ സുഗന്ധലേപനം ചെയ്ത് അദ്ദേഹത്തിന്റെ പരമപ്രേമത്തിനു പാത്രമായിത്തീർന്ന ഹിന്ദുപുരാണകഥയെയാണ് ഇവിടെ ഉപമിച്ചിരിക്കുന്നത്.

൩൭. തൽഗളം=അവളുടെ കണ്ഠം. ഉൽഗതം=പൊങ്ങിയത്. അവൾ വീണയ്ക്കൊത്ത മൃദുസ്വരത്തിൽ തൊണ്ടയിടറിപ്പറഞ്ഞു. തവാജ്ഞകൾ=അങ്ങയുടെ (ഈശ്വരന്റെ) കല്പനകൾ. ശാസിതാവ്=ശാസിപ്പാൻ അധികാരമുള്ളവൻ.

൩൮. പട്ടാങ്ങം=സത്യം. 'ചോദിപ്പിൻ നല്കപ്പെടും; അന്വേ

൯. അല്ലൽപ്പെരുങ്കടൽക്കല്ലോലമാലയിൽ-
തെല്ലല്ലലഞ്ഞു കുഴങ്ങുന്നു ഞാൻ;
ഏഴയാമെന്നെക്കരേററുവാൻ മററാരു-
ണ്ടാ,ഴിയ്ക്കു മീതെ നടന്നവനേ?

൧൦. ലീലയാ കണ്ടു ചിരിപ്പാനായ് വഞ്ചകൻ
മേലേ വിരിച്ചിട്ട പുല്ലരപ്പിൽ
മേയാനായ്ച്ചെന്നൊരു പെൺമാൻ നിരാലംബ-
യായിതാ, വീണുപോയ് മൂടുക്കുഴിയിൽ!"

൧൧. തേന്മൊഴിയാളിതു ചൊന്നതോടൊപ്പമേ
തേങ്ങിക്കരഞ്ഞുപോയ് തെല്ലുനേരം;
അബ്ബാഷ്പവർഷത്തിലീശൻെറ ഹൃൽസര-
സ്സുൽപൂർണ്ണമായി കൃപാമൃതത്താൽ.

ഷിപ്പിൻ കണ്ടെത്തും; മുട്ടുവിൻ തുറക്കപ്പെടും' എന്നു യേശുക്രിസ്തു ലോകത്തോടു ചെയ്ത ദിവ്യപ്രതിജ്ഞയെ നായിക ഉദ്ധരിയ്ക്കുന്നു.

൯. അല്ലൽ.........മാല=ദുഃഖമാകുന്ന സമുദ്രത്തിലെ തിരമാല. ആഴിയ്ക്കു മീതേ നടന്നവൻ—ക്രിസ്തു ഗലേലക്കടലിൻമീതെ നടന്ന കഥയെ സൂചിപ്പിയ്ക്കുന്നു.

൧൦. ലീലയാ = കളിയായിട്ട്. നിരാലംബ = ആശ്രയമില്ലാത്തവൾ. വഞ്ചകൻെറ (ചെകുത്താൻെറ) ദുഷ്പ്രേരണയിൽ ഭ്രമിച്ച് അബലയായ താൻ പാപകൂപത്തിൽ വീണുപോയി എന്നു താൽപര്യം.

൧൧. ബാഷ്പവർഷം = കണ്ണുനീർമഴ. ഹൃൽസരസ്സ്=ഹൃദയമാകുന്ന പൊയ്ക. ഉൽപൂർണ്ണം=നിറഞ്ഞതു്. കൃപാമൃതം=കൃപയാകുന്ന വെള്ളം (അമൃത് എന്നും). നായികയുടെ കരച്ചിൽ കണ്ടപ്പോൾ ക്രിസ്തുവിനു വളരെ അനുകമ്പ തോന്നി.

൧൨. "ചെയ്യരുതാത്തതു ചെയ്തവളെങ്കിലു-
മിയ്യെന്നെത്തള്ളൊല്ലേ തമ്പുരാനേ:
തിയ്യിനെപ്പോലും തണുപ്പിയ്ക്കുമിപ്പൊൻതൃ-
ക്കയ്യിനാൽത്തീർത്തവളല്ലോ ഞാനും.

൧൩. ദുഷ്ടപ്പരുന്തിന്റെ വായിൽനിന്നീഗ്ഗതി
കെട്ട കപോതിയെദ്ദീനബന്ധോ,
അഞ്ജസാ വീണ്ടെടുത്തെൻതിരുമേനിതൻ
പഞ്ജരം തന്നിലണയ്ക്കേണമേ!"

൧൪. സാത്വികഭക്തിയാം തേൻ പെറുമീവക
പ്രാർത്ഥനാവാക്കുകളായ പൂക്കൾ
ദന്തകുന്ദാഭയാം വെൺപട്ടുനൂലിന്മേൽ-
ച്ചന്തത്തിൽക്കോർത്തൊരു മാലയാക്കി,
വിണ്ണിൻപെരുമാൾതൻ മുന്നിൽസ്സമർപ്പിച്ചു
ദണ്ഡനമസ്കാരം ചെയ്തു വീണ്ടും

---

൧൨. ക്രിസ്തുഭഗവാന്റെ തൃക്കൈകൾ തീയിനെപ്പോലും തണുപ്പിപ്പാൻ ശക്തമായതിനാൽ, ആ കൈയാൽത്തന്നെ നിർമ്മിയ്ക്കപ്പെട്ട നായികയുടെ കഠോരപാപത്തെ ഹനിപ്പാൻ അവിടുത്തേയ്ക്കു് ഒരു പ്രയാസവുമില്ലെന്നു നായിക സമർത്ഥിയ്ക്കുന്നു.

൧൩. ദുഷ്ടപ്പരുന്തു് = ചെകുത്താനാകുന്ന പരുന്തു്. കപോതി = പെൺപ്രാവു്. അഞ്ജസാ = വേഗത്തിൽ. പഞ്ജരം = കൂടു്.

൧൪. സാത്വികഭക്തി = പരിശുദ്ധഭക്തി. ദന്ത.....മാല = പല്ലുകളാകുന്ന മുല്ലമൊട്ടുകളുടെ ശോഭയാകുന്ന വെൺപട്ടുനൂലിന്മേൽ കോ

ആ മണിത്തൃക്കഴൽ ചുംബിച്ചിതോമലാൾ,
താമരത്താരൊരു ഹംസിപോലെ.

൧൫. ചുററുമൊരാനന്ദശാന്തത ചേർന്നിതു;
മുററുമണഞ്ഞിതായ് ദീപനാളം;
ചന്ദ്രമസ്സുന്നിദ്രനക്ഷത്രമദ്ധ്യത്തിൽ
നിന്നുവിളങ്ങിനാനൊന്നുകൂടി.

൧൬. ഘോരനരകത്തിൽനിന്നാശു വിണ്ണിലേ-
യ്ക്കേറുന്ന സാധ്വിയെക്കൊണ്ടാടാനോ,
ശുഭ്രമേഘങ്ങളാം വെള്ളിവിമാനങ്ങ-
ളഭ്രസ്ഥലത്തങ്ങു വന്നു നില്പായ്!

൧൭. ഏതിൻ തടത്തിലെ മുക്കുവർ യേശുവാം
നേതാവു നല്കിയ നേർവ്വലയാൽ

ത്ത മാല. (അവൾ പ്രാർത്ഥിച്ചുവെന്നു താൽപര്യം) വിണ്ണിൻപെരുമാൾ=സ്വർഗ്ഗത്തിൻെറ നാഥൻ. താമരത്താര്=താമരപ്പൂവ്. ഹംസി=അരയന്നപ്പിട.

൧൫. നാളം=ജ്വാല. ചന്ദ്രമസ്സ്=ചന്ദ്രൻ. ഒന്നുകൂടി=കുറേക്കൂടി.

൧൬. വിണ്ണ്=സ്വർഗ്ഗം. ശുഭ്രമേഘങ്ങൾ=വെളുത്ത മേഘങ്ങൾ. അഭ്രസ്ഥലം=ആകാശം.

൧൭. തടം=കര. പാപിനീമുക്തി=പാപിനിയായ നായികക്കു ലഭിച്ച പാപമോചനം. ഗലീലക്കടൽത്തീരത്തു മീൻപിടിച്ചു താമസിച്ചിരുന്ന ഏതാനും യഹൂദമുക്കുവന്മാരെയായിരുന്നു, ക്രിസ്തുയേശു തൻെറ ശിഷ്യരായി തിരഞ്ഞെടുത്തത്. അവരെ ശിഷ്യന്മാരായി

ആടൽപ്പെട്ടത്താതെ പുണ്യമത്സ്യങ്ങളെ-
ത്തേടിപ്പിടിപ്പവരായ്ച്ചമഞ്ഞു,
അഗ്ഗലേലക്കടൽ പാപിനീമുക്തി ക-
ണ്ടഗ്ര്യപ്പെരുംപറ കൊട്ടിയാത്ത്ത്തു!

൧൨. അത്തൽകൊണ്ടന്ധയാമമ്മഹാഭക്തയെ-
ക്കൃസ്തുഭഗവാന്റെ തൃക്കടാക്ഷം
ആസ്ഥയാ സ്പശിച്ചു, സുപ്രഭാതാക്കന്റെ-
യാദ്യാംശുകന്ദളമെന്നപോലെ.

൧൩. പ്രേമസപത്രുപങ്കൽനിന്നൊരിററുൾക്കൃപ
ത്തുമധുരോക്തിയായ് നിഗ്ഗളിച്ചു,

സ്വീകരിച്ച സന്ദഭത്തിൽ, അവരിനി മത്സ്യങ്ങളെയല്ലാ തന്റെ സനാതനരാജ്യത്തിലെ പ്രജകളായിത്തീരുവാനുള്ള മനുഷ്യവഗ്ഗത്തെ പിടിക്കുന്നവരാകുമെന്നു ക്രിസ്തുതന്നെ വാഗ്ദാനം ചെയ്തിരുന്നു. ഈ മുക്കുവരുടെ വേലയുടെ ഫലമാണ്, ഇന്നു ലോകത്തിൽ കാണപ്പെടുന്ന സവക്രിസ്ത്യസഭകളും. ഇക്കൂട്ടത്തിൽ ഒരാളായ സെന്തോമസ് അപ്പോസ്തോലൻ ക്രിസ്ത്വബ്ദം ൫൨-ൽ സ്ഥാപിച്ചതാണ്, കേരളത്തിലെ സുറിയാനിസഭ എന്നുള്ളതു ചരിത്രപ്രസിദ്ധമാണല്ലോ. ശിഷ്യവഗ്ഗത്തോടു ക്രിസ്തു ചെയ്ത വാഗ്ദാനത്തെയത്രേ, കവി ഇവിടെ സൂചിപ്പിക്കുന്നത്. ൧൫-മുതൽ ൨൨-വരെയുള്ള പദ്യങ്ങൾകൊണ്ടു, നായികയുടെ പാപശാന്തിയിലും മുക്തിലാഭത്തിലും പ്രകൃതികൂടി സന്തോഷിക്കുന്നതായി, സന്ദർഭോചിതമായ വണ്ണനകൾകൊണ്ടു വെളിപ്പെടുത്തിയിരിക്കുന്നു.

൧൨ അത്തൽ=ദുഃഖം. ആസ്ഥ=ആദരം. സുപ്രഭാതാ......ന്ദളം= പ്രഭാതസൂയ്യന്റെ ഒന്നാമത്തെ രശ്മി.

അച്ചാതകിയ്ക്കിനി മേലിലൊരിയ്ക്കലു-
മൂഠച്ചൂട ചേരായ്വാൻ തക്കവണ്ണം:—

൯൦. “പോയ്ക്കൊൾക പെൺകുഞ്ഞേ, ദുഃഖം
(വെടിഞ്ഞു നീ;—
യുൾക്കൊണ്ട വിശ്വാസം കാത്തു നിന്നെ:
അപ്പപ്പോൾപ്പാതകം ചെയ്കതിന്നൊക്കയു-
മിപ്പശ്ചാത്താപമേ പ്രായശ്ചിത്തം!”

*   *   *   *   *   *   *

---

൮൯. പ്രേമസ്വരൂപൻ=പ്രേമംതന്നെ സ്വരൂപമായിട്ടുള്ളവൻ. ശു ദ്ധമധുരോക്തി=പരിശുദ്ധമായ മധുരവാക്ക്. നിർഗ്ഗളിച്ചു=ഒഴുകി. ചാതകി=വേഴാമ്പൽപ്പിട. മഴ പെയ്യുമ്പോൾ, ആ വെള്ളം കുടിച്ചത്രേ ഈ പക്ഷികൾ ദാഹം തീർക്കുക.

൯൦. പശ്ചാത്താപം=ചെയ്തുപോയ പ്രവൃത്തിയെപ്പററി പിന്നീടുണ്ടാകുന്ന ദുഃഖം. ക്രിസ്തുമതഗ്രന്ഥങ്ങളിൽ ഈ പശ്ചാത്താപത്തിന്നു ‘മാനസാന്തരം’ എന്നു പേർ നല്കിയിരിയ്ക്കുന്നു. ‘മകളേ, നിൻെറ വിശ്വാസം നിന്നെ രക്ഷിച്ചിരിയ്ക്കുന്നു. സമാധാനത്തോടേ പോക’ എന്നുള്ള ക്രിസ്തുവിൻെറ സാന്ത്വനവചസ്സാണ് ഇവിടെ ഉദ്ധരിച്ചിട്ടുള്ളത്. പാപത്തെക്കുറിച്ചു ഹൃദയപൂർവ്വം ദുഃഖിയ്ക്കുക; അവയെ ജഗൽസ്രഷ്ടാവിനോട് ഏററുപറയുക; മേലിൽ പാപംചെയ്യാൻ തക്കവണ്ണം അന്തഃകരണത്തിൻെറ പ്രേരണാശക്തിയെ അമർത്തിക്കളയുകയില്ലെന്നു ദൃഢനിശ്ചയം ചെയ്യുക—എന്നിത്രയുംകൊണ്ടു പാപശാന്തി പ്രാപിയ്ക്കാമെന്നുള്ള വേദതത്ത്വം ഇവിടെ സൂചിപ്പിയ്ക്കപ്പെട്ടിരിയ്ക്കുന്നു.

DHARMARAM LIBRARY

BANGALORE-560 029

Due Date	Due Date	Due Date
7 AUG 1997		

DC Library
00004182
T61 V24

61
24

T61
V24